
# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



'അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു' (അപ്പ. പ്രവ. 2:3)

Vol. LXXVI No. 6 June 2026 ഉയിർപ്പുകാലം

02.05.2026

03.05.2026

# വാരിയാനിക്കാട്
# ഇടയനടുത്ത സന്ദർശനം















16.05.2026

17.05.2026

# കടപ്ലാമറ്റം ഇടയനടുത്ത സന്ദർശനം

















പാലാ സിവിൽ സർവീസ്
ഇൻസ്റ്റിട്യൂട്ടിന്റെ
ആഭിമുഖ്യത്തിൽ
അൽഫോൻസിയൻ പാസ്റ്ററൽ
ഇൻസ്റ്റിട്യൂട്ടിൽ വച്ചു നടന്ന
മെറാക്കി റെസിഡൻഷ്യൽ
ക്യാമ്പ് ഉദ്ഘാടന
സമ്മേളനത്തിൽ അധ്യക്ഷ
പ്രസംഗം നിർവഹിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ്.

**01.05.2026**





**05.05.2026**









പാലാ രൂപതാ വൈദിക
വിദ്യാർത്ഥികളുടെ വൈദിക
വസ്ത്രം നൽകലും
കാറോയൂസാ –
ഹെവ്പദ്യാക്നൂസാ പട്ടങ്ങൾ
നൽകലും കത്തീദ്രൽ
പള്ളിയിൽ വച്ചു നടന്നു.

08.05.2026





CBCI യുടെ നേതൃത്വത്തിൽ സ്ഥാപിതമായ നാഷണൽ ഫെഡറേഷൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ എന്ന പുതിയ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ആദ്യ സമ്മേളനം ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

12.05.2026





വിളക്കുമാടം പള്ളിയിൽ വച്ച് വല്ലനാട്ട് ശ്രീ.ജോസ്–മേരി ദമ്പതികളുടെ പതിനൊന്നാമത്തെ കുഞ്ഞിന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രാരംഭ കൂദാശകൾ നൽകി.

**13.05.2026**



ഗുഡ് ഷെപ്പേർഡ് മൈനർ
സെമിനാരിയിൽ വച്ചുനടന്ന
ഗുഡ് ഷെപ്പേർഡ് ഗാതറിങ്ങിൽ
സംബന്ധിച്ച വൈദിക
വിദ്യാർഥികൾക്കൊപ്പം അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ്.



**15.05.2026**







നവീകരിച്ച ഷലോം പാസ്റ്ററൽ
സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം
അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് നിർവഹിച്ചു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**JUNE 2026**
**Vol. LXXVI No. 6**

# CONTENTS

ഇടയലേഖനം - 90 ....................379

അറിയിപ്പ് ....................387

വാർത്തകൾ .................... 394

അഭിവന്ദ്യപിതാവിന്റെ ഡയറി .................... 433

ഇടയലേഖനം - 90

# ഹൃദയങ്ങൾക്ക് ആനന്ദം പകരുന്ന, ഈശോ കൂടെയുണ്ടെന്ന തിരിച്ചറിവ് നൽകുന്ന വിശ്വാസപരിശീലനം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്:**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

2026 മേയ് 31-ാം തീയതി ഞായറാഴ്ച നാം പുതിയ വിശ്വാസപരിശീലനവർഷത്തിലേക്കു പ്രവേശിക്കുകയാണ്. സഭയുടെ വലിയ അവകാശവും ചുമതലയുമായ വിശ്വാസപരിശീലനം വെറും ഒരു പഠനമല്ല; ഈശോയുടെ പരിപൂർണ്ണമായ വ്യക്തിത്വം പഠിതാക്കളിലേക്കു പകരുന്ന ഒരു പ്രക്രിയയാണ്. ഈ ദൗത്യത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന മാതാപിതാക്കളും വൈദികരും സന്ന്യാസിനികളും അധ്യാപകരും ഈശോയുടെകൂടെ വസിക്കുന്നവരാകണം. ഏറ്റവും വലിയ ഗുരുവായ ഈശോയെ അനുഗമിക്കുന്നവരും അനുകരിക്കുന്നവരുമാകണം. അവർ ഈശോയിൽ ആനന്ദിക്കുന്നവരുമാകണം. അപ്പോൾ അവരെ കാണുന്നവർക്കും കേൾക്കുന്നവർക്കും അവരുടെ സാന്നിധ്യം അനുഭവിക്കുന്നവർക്കും ഈശോയെ അനുഭവിച്ചറിയാൻ സാധിക്കും. ഈശോ സദാ കൂടെയുണ്ടെന്നുള്ള തിരിച്ചറിവിലേക്ക് അവർ വളരുന്നതിനോടൊപ്പം അവർ ഈശോയുടെകൂടെ

യാണോ വ്യാപരിക്കുന്നതെന്നു സ്വയം പരിശോധിക്കാനും നിർബന്ധിതരാകും.

വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്നവർ ഗുരുവും കർത്താവുമായ ഈശോയെ അടുത്തറിയണം. 'ഈശോ പറഞ്ഞതും പ്രവർത്തിച്ചതും ആയിരിക്കുന്നതും തമ്മിൽ അതുല്യമായ പൊരുത്തമുണ്ട്' (ജോൺ പോൾ II, മതബോധനം ഇന്ന്, 7). ''ഈശോയുടെ ജീവിതം മുഴുവനും തുടരെയുള്ള അധ്യാപനമായിരുന്നു. അവിടുന്ന് നിശ്ശബ്ദത പാലിച്ച നിമിഷങ്ങൾ, അവിടുത്തെ അത്ഭുതങ്ങൾ, ഭാവപ്രകടനങ്ങൾ, പ്രാർത്ഥന, ആളുകളോടുള്ള സ്നേഹം, എളിയവരോടും ദരിദ്രരോടുമുള്ള സവിശേഷവാത്സല്യം, ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിലെ പരമമായ ബലി അർപ്പിക്കാൻ കാണിച്ച സന്നദ്ധത, ഉത്ഥാനം ഇവയെല്ലാം അവിടുത്തെ വചനത്തിന്റെ സാക്ഷാത്കാരവും വെളിപാടിന്റെ പൂർത്തീകരണവുമായിരുന്നു'' (മതബോധനം ഇന്ന്, 9).

വിശ്വാസപരിശീലനമേഖലയിൽ പ്രവർത്തിക്കുന്നവർ ഈശോയെ അനുകരിക്കുന്നവരാകണം. അവർ ഈശോ പഠിപ്പിച്ചതുപോലെ ഈ ലോകത്തിൽ ലോകത്തിന്റേതല്ലാതെ ജീവിക്കണം (യോഹ 17: 14-15). ''ഇന്നത്തെ ലോകത്തിൽ ഈശോമിശിഹായെ പ്രതിഫലിപ്പിക്കാൻ കഴിയുന്ന വ്യക്തിപരമായ രഹസ്യത്തിന് നിങ്ങളിൽ രൂപം കൊടുക്കാൻ പരിശുദ്ധറൂഹായെ അനുവദിക്കുവിൻ. നിങ്ങളുടെ ജീവിതംകൊണ്ട് ലോകത്തോടു സംസാരിക്കാൻ ദൈവം ആഗ്രഹിക്കുന്ന ഈശോയുടെ സന്ദേശം എന്താണ് എന്നുള്ള വചനം നിങ്ങൾ മനസ്സിലാക്കാൻ ഇടയാകട്ടെ. പരിവർത്തനം ചെയ്യപ്പെടാൻ നിങ്ങളെത്തന്നെ അനുവദിക്കുവിൻ.'' (ഫ്രാൻസിസ് മാർപാപ്പാ, ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, 23&24)

ഈശോയോടു നമുക്കുള്ള വ്യക്തിബന്ധം നമുക്ക് ആനന്ദവും ആഹ്ലാദവും പകരുന്നതോടൊപ്പം ഈശോയെ സാക്ഷ്യപ്പെടുത്തുന്നതിനുള്ള നിർഭയത്വവും നൽകുന്നു. ഈശോ

യോടുള്ള ഐക്യമാണ് പൗലോസിന് ആത്മധൈര്യം നൽകിയത്. അദ്ദേഹം പറയുന്നു: ''എനിക്കു ജീവിതം മിശിഹായും മരണം നേട്ടവുമാണ്.'' (ഫിലി: 1:20). ഈശോയോടുള്ള സ്നേഹത്തിൽനിന്ന് നമ്മെ അകറ്റിനിർത്താൻ യാതൊന്നിനെയും അനുവദിക്കരുത്. ''ക്രൈസ്തവജീവിതം നിരന്തരമായ ഒരു പോരാട്ടമാണ്. പിശാചിന്റെ പ്രലോഭനങ്ങളോട് എതിർത്തുനിൽക്കാനും സുവിശേഷം പ്രഘോഷിക്കാനും നമുക്കു കരുത്തും ധൈര്യവും ആവശ്യമുണ്ട്. ഈ പോരാട്ടം മാധുര്യമേറിയതാണ്. എന്തെന്നാൽ, ഓരോ പ്രാവശ്യവും കർത്താവ് നമ്മുടെ ജീവിതങ്ങളിൽ വിജയിക്കുമ്പോൾ അതു നമ്മെ ആനന്ദിക്കാൻ അനുവദിക്കുന്നു.'' (ഫ്രാൻസിസ് പാപ്പാ, ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, 158).

ത്യാഗം സഹിച്ചും നിസ്വാർത്ഥമായും ഈശോയുടെ ചൈതന്യം പകർന്നുനൽകുന്ന വിശ്വാസപരിശീലകർ സഭയുടെ വലിയ സമ്പത്താണ്. അവർ തീക്ഷ്ണതകൊണ്ടും ആവേശംകൊണ്ടും മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നവരാണ്. ''സ്വജീവൻ അപകടപ്പെടുത്തിയും തങ്ങളുടെ സുഖസൗകര്യങ്ങൾ വിലയായിനൽകിയും പ്രഘോഷണത്തിനായും മറ്റുള്ളവർക്കു ശുശ്രൂഷ ചെയ്യുന്നതിനായും തങ്ങളെത്തന്നെ സമർപ്പിച്ചിരിക്കുന്ന എല്ലാ വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും മാതൃകയാൽ പ്രവർത്തിക്കാൻ നാം പ്രചോദിപ്പിക്കപ്പെട്ടിരിക്കുന്നു'' (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, 138). ഇങ്ങനെ നമ്മെ പ്രചോദിപ്പിക്കാൻ അവർക്കു കഴിയുന്നത് ഈശോയുമായുള്ള അവരുടെ അഗാധബന്ധം മൂലമാണ്. അവർക്ക് ഈ ബന്ധം സ്ഥാപിക്കാൻ സാധിക്കുന്നത് അവരുടെ വിശ്വാസംമൂലമാണ്. വി.യോഹന്നാൻ അവതരിപ്പിക്കുന്ന ഈ വിശ്വാസത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു: ''വിശ്വസിക്കുക' എന്ന ക്രിയാപദത്തിന്റെ വിവിധരൂപങ്ങൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തിന് ഈശോയോടുള്ള

വ്യക്തിപരമായ ബന്ധത്തിന്റെ പ്രാധാന്യം വിശുദ്ധ യോഹന്നാൻ വെളിപ്പെടുത്തുന്നുണ്ട്. ഈശോ 'നമ്മോടു പറയുന്നവ' ശരിയാണ് എന്നു വിശ്വസിക്കുന്നതിനു പുറമേ 'ഈശോയെ വിശ്വസിക്കുകയും' 'ഈശോയിൽ വിശ്വസിക്കുകയും' ചെയ്യേണ്ടതിനെപ്പറ്റിയും യോഹന്നാൻ പറയുന്നുണ്ട്. അവിടുന്ന് സത്യവാനായതിനാൽ അവിടുത്തെ വചനവും സാക്ഷ്യവും അംഗീകരിക്കുമ്പോൾ നമ്മൾ 'ഈശോയെ വിശ്വസിക്കുന്നു.' സ്നേഹത്തിൽ ഈശോയെ ആശ്ലേഷിക്കുകയും, അവിടുത്തെ കാല്പാടുകൾ പിൻതുടരുകയും, വ്യക്തിപരമായി അവിടുത്തെ നമ്മുടെ ജീവിതത്തിലേക്കു സ്വാഗതം ചെയ്യുകയും ചെയ്യുമ്പോൾ, നാം അവിടുത്തെ ലക്ഷ്യമാക്കി മുന്നേറുമ്പോൾ നാം 'ഈശോയിൽ വിശ്വസിക്കുന്നു'' (വിശ്വാസത്തിന്റെ വെളിച്ചം, 18).

ജീവിതബന്ധിയായ ഈ വിശ്വാസത്തിന്റെ ആഘോഷമാണ് പരി.കുർബാന. ഇതു വിശ്വാസം വഴി രൂപപ്പെട്ട സഭയുടെ ആഘോഷമാണ്. ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു: ''വിശ്വസിക്കുന്നവരെയെല്ലാം ഈശോ തന്റെ ചുറ്റും ഒരുമിച്ചുകൂട്ടി ഒരു ശരീരമാക്കുന്നതുപോലെതന്നെ ഒരു ക്രൈസ്തവന് മറ്റ് എല്ലാ വിശ്വാസികളോടുമുള്ള സാരവത്തായ ഒരു ബന്ധത്തിൽ താൻ ഈ ശരീരത്തിന്റെ ഭാഗമാണെന്ന അനുഭവം സിദ്ധിക്കുന്നു'' (വിശ്വാസത്തിന്റെ വെളിച്ചം, 22). വിശ്വാസപരിശീലനത്തിൽ നാം ദൃഷ്ടി ഉറപ്പിക്കേണ്ടത് നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിലെത്തിക്കുന്നവനുമായ (ഹെബ്രാ 2:2) ഈശോയിലാണ്. പരി.കുർബാനയിൽ ഈശോയോടുള്ള ബന്ധം അതിന്റെ പാരമ്യത്തിലെത്തുന്നു. ആകയാൽ വിശ്വാസപരിശീലനത്തിന്റെ കേന്ദ്രം പരിശുദ്ധ കുർബാനയാണ്. വിശ്വാസപരിശീലനക്ലാസ്സുകളിലൂടെ നാം പഠിക്കുന്ന മിശിഹാരഹസ്യങ്ങൾ അനുഷ്ഠിച്ച് ദൈവാനുഭവം നുകരുന്നത് പരി.കുർബാനയിലാണ്. അതുകൊണ്ട് കഴിഞ്ഞവർഷം ഉഹ്ദാന ലിറ്റർജിക്കൽ ക്വിസ്സിലൂടെ നാം പഠിച്ച കാര്യങ്ങൾ വീണ്ടും വീണ്ടും ഓർക്കുകയും

കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും ചെയ്യണം. കുർബാന നമ്മുടെ ക്രൈസ്തവ അസ്തിത്വത്തിന്റെ ആഘോഷമാകുമ്പോൾ മാത്രമാണ് വിശ്വാസപരിശീലനം അതിന്റെ ലക്ഷ്യത്തിലെത്തുന്നത്.

പരിശുദ്ധകുർബാനയിൽ ഒന്നായിത്തീരുന്ന നമ്മുടെ സമൂഹം കുർബാനയുടെ ജീവിതമാണ് നയിക്കേണ്ടത്. അങ്ങനെ ജീവിക്കണമെങ്കിൽ നമ്മുടെ വിശ്വാസം സ്നേഹത്തിൽ ഫലമണിയണം. ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് പാപ്പാ പഠിപ്പിക്കുന്നു: ‘‘സ്നേഹംകൂടാതെയുള്ള വിശ്വാസം ഫലം പുറപ്പെടുവിക്കില്ല. വിശ്വാസം കൂടാതെയുള്ള സ്നേഹമാകട്ടെ, നിരന്തരം സംശയത്തിന്റെ നിഴലിൽ കഴിയുന്ന ഒരു വികാര പ്രകടനം മാത്രമായിരിക്കും. വിശ്വാസത്തിനും സ്നേഹത്തിനും പരസ്പരം ആവശ്യമുണ്ട്. ഒന്ന് മറ്റൊന്നിനെ അതിന്റെ പാതയിൽ മുന്നേറുവാൻ അനുവദിക്കുന്നു’’ (വിശ്വാസത്തിന്റെ കവാടം, 14). അങ്ങനെ ആദിമസഭയെപ്പോലെ ‘വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും’ (അപ്പ 4:32) ആയിത്തീരും. ഈ ആഴമേറിയ ഐക്യം സംജാതമാകുന്നത് ദിവ്യകാരുണ്യ അപ്പത്തിലൂടെയാണ്. ‘‘ഒരേ ദിവ്യകാരുണ്യ അപ്പമാണ് നമ്മെ ഒരു ശരീരമാക്കിത്തീർക്കുന്നത്’’ (ജോൺ പോൾ II, നാഥാ ഞങ്ങളോടൊത്തു വസിച്ചാലും, 20). പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു: ‘‘അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്’’ (1 കോറി 10:17). അതുകൊണ്ട് ജോൺ പോൾ രണ്ടാമൻ പാപ്പാ ഇപ്രകാരം പഠിപ്പിച്ചു: ‘‘വി. കുർബാന സഭയുടെ കൂട്ടായ്മയുടെ ഉറവിടവും അതിന്റെ മഹത്തായ പ്രകാശനവുമാണ്. വി.കുർബാന കൂട്ടായ്മയുടെ പ്രത്യക്ഷീകരണമാണ്’’ (നാഥാ ഞങ്ങളോടൊത്തു വസിച്ചാലും, 21).

വിശുദ്ധകുർബാനയിൽ ഒരു ശരീരമായിത്തീരുന്ന സഭ സ്നേഹത്തിന്റെ നിറവിൽ പങ്കുവയ്ക്കലിന്റെ ഒരു സമൂഹമായി വളരണം. ലെയോ പതിന്നാലാമൻ മാർപാപ്പായുടെ ’ഞാൻ

നിന്നെ സ്നേഹിച്ചു' എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് മാർപാപ്പായുടെ 'എല്ലാവരും സോദരന്മാർ' എന്ന ചാക്രികലേഖനത്തിലെ ഒരു ഉദ്ധരണി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക: ''നമ്മുടെ സമൂഹങ്ങളിലെ,നമ്മുടെക്രൈസ്തവസമൂഹങ്ങളിലെപോലുംജീവിതത്തിൽ കാണപ്പെടുന്നഗുരുതരമായവീഴ്ചയുടെവെളിച്ചത്തിൽഈചോദ്യങ്ങൾ വളരെ അടിയന്തരസ്വഭാവമുള്ളതായി മാറുന്നു. നമുക്കു ചുറ്റും കാണുന്ന ഒട്ടനവധി നിസ്സംഗതകൾ ജീവിതത്തെക്കുറിച്ചുള്ള ഒരു സമീപനത്തിന്റെ അടയാളങ്ങളാണ്. വ്യത്യസ്തവും സൂക്ഷ്മവുമായ രീതിയിൽ അതു വ്യാപിക്കുന്നു. അതിലുപരി നാം നമ്മുടെതന്നെ ആവശ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നതിനാൽ വേദന അനുഭവിക്കുന്ന ഒരാളെ കാണുന്നതുതന്നെ നമുക്ക് അരോചകമായി തോന്നുന്നു. മറ്റുള്ളവരുടെ പ്രശ്നങ്ങൾക്കായി ചെലവഴിക്കാൻ നമുക്കു സമയമില്ലാത്തതിനാൽ അതു നമ്മെ അസ്വസ്ഥരാക്കുന്നു. ആരോഗ്യമില്ലാത്ത ഒരു സമൂഹത്തിന്റെ ലക്ഷണങ്ങളാണിവ. ഐശ്വര്യം തേടുകയും എന്നാൽ സഹനങ്ങളോടു പുറംതിരിയുകയും ചെയ്യുന്ന ഒരു സമൂഹം! നാം അത്രയും ആഴത്തിൽ താഴാതിരിക്കട്ടെ! നല്ല സമറിയാക്കാരന്റെ മാതൃകയിലേക്കു നമുക്കു ശ്രദ്ധ തിരിക്കാം'' (ഞാൻ നിന്നെ സ്നേഹിച്ചു, 107). നിസ്സംഗതയുടെ മനോഭാവത്തെ പൂർണ്ണമായും ഇല്ലാതാക്കി സഹോദരസ്നേഹം ആവശ്യപ്പെടുന്ന നന്മകളിൽ വ്യാപൃതരാകാൻ വിശ്വാസപരിശീലനം നമ്മെ സഹായിക്കട്ടെ.

പ്രിയ അച്ചന്മാരേ, വിശ്വാസപരിശീലകരേ, നമ്മുടെ കുട്ടികൾ വർഷം മുഴുവൻ വി. കുർബാനയിൽ പങ്കെടുക്കുന്നതു പ്രോത്സാഹിപ്പിക്കാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ. ചില ഇടവകകളിൽ വർഷം മുഴുവൻ മുടങ്ങാതെ പള്ളിയിൽ വരുന്ന കുട്ടികളുടെ അറ്റൻഡൻസ് രേഖപ്പെടുത്തി പ്രോത്സാഹനമായി പാരിതോഷികങ്ങൾ നൽകുന്ന പതിവുണ്ട്. ആ നല്ല പതിവ് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും നടപ്പിലാക്കുന്നതുവഴി നമ്മുടെ വരുംതലമുറയെ വിശ്വാസജീവിതത്തിൽ

ആഴപ്പെടുത്താൻ സാധിക്കും. വിശ്വാസപരിശീലനത്തിൽ വികാരിയച്ചനോടൊപ്പംതന്നെ തുല്യമായ ഉത്തരവാദിത്വം സൺഡേസ്കൂൾ ഹെഡ്മാസ്റ്റർക്കുമുണ്ട്. തിരുസ്സഭയുടെ മനസ്സറിഞ്ഞ് കുട്ടികളെ പരിശീലിപ്പിക്കുന്നതിന് നിങ്ങൾക്കു കഴിയട്ടെ. അല്മായപ്രേഷിതത്വത്തിന്റെ ഏറ്റവും ഉത്തമമായ മാതൃകകളായി പ്രശോഭിക്കുന്ന അനേകം വിശ്വാസപരിശീലകർ നമ്മുടെ രൂപതയിൽ ഉണ്ടെന്നത് അഭിമാനകരമാണ്.

വിശ്വാസപരിശീലകർ പരി.കുർബാനയിൽ ഈശോയോടും സഭയോടും ഐക്യം പ്രാപിക്കുമ്പോൾ ഈശോയെക്കുറിച്ചു പറയാതിരിക്കാനും പഠിപ്പിക്കാതിരിക്കാനും പറ്റാത്ത ഒരവസ്ഥയിലെത്തണം. അതുവഴി വലിയ ആത്മീയാനന്ദം അനുഭവിക്കണം. പ്രിയപ്പെട്ട വിശ്വാസപരിശീലകരേ, നിങ്ങളെ ഈ മഹത്തായ ദൗത്യം ഭരമേല്പിച്ചിരിക്കുന്നത് ഈശോതന്നെയാണ്. അതുകൊണ്ട് ഈശോയോടും അവന്റെ സഭയോടും നമുക്കു വിശ്വസ്തത പുലർത്താം. ഈശോയെക്കുറിച്ചും സഭയെക്കുറിച്ചും നന്നായി പഠിക്കാം. നമ്മുടെ സി.ടി.പി കോഴ്സും ജീവദർശൻ കോഴ്സുമെല്ലാം ഇതിനു നമ്മെ സഹായിക്കുന്നു. അതുകൊണ്ട് സൺഡേസ്കൂൾ വിശ്വാസപരിശീലനത്തിൽ പങ്കാളികളാകുന്നതിനുമുമ്പേ ഈ കോഴ്സുകൾ വലിയ തീക്ഷ്ണതയോടെ പൂർത്തീകരിക്കുക. പ്രിയപ്പെട്ട മാതാപിതാക്കളേ, നിങ്ങളുടെ മക്കൾ ഈശോ നിങ്ങൾക്കു തന്ന ഏറ്റം വലിയ ദാനവും സമ്മാനവുമാണ്. ആകയാൽ അവരെ ഈശോയുടെ മക്കളായി വളർത്തുന്നതിനു സഹായിക്കുന്ന വിശ്വാസപരിശീലനത്തോടു വലിയ താത്പര്യം പുലർത്തുക. ഈശോയുടെ ഏറ്റവും വാത്സല്യമുള്ള കുഞ്ഞുമക്കളേ, ഈശോയെപ്പോലെ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നുവരുവാൻ നിങ്ങൾക്കേറ്റവും സഹായകരമാകുന്നത് വിശ്വാസപരിശീലനമാണ്. വലിയ ഉത്സാഹത്തോടും ശ്രദ്ധയോടും തീക്ഷ്ണതയോടുംകൂടെ വിശ്വാസപരിശീലനത്തിനു

വിധേയപ്പെടുവാൻ പരിശുദ്ധറൂഹായുടെ കൃപ നിങ്ങൾക്കു സമൃദ്ധമായി ലഭിക്കട്ടെ.

വിശ്വാസപരിശീലനത്തിനു നേതൃത്വം നൽകുന്ന ഏറ്റവും പ്രിയപ്പെട്ട അച്ചൻമാരേ, നിങ്ങൾ ചെയ്യുന്ന ഏറ്റവും മഹത്തരമായ ശുശ്രൂഷയാണിത്. ഇതിൽ നിങ്ങൾ കാണിക്കുന്ന ശ്രദ്ധയ്ക്കും തീക്ഷ്ണതയ്ക്കും നമ്മുടെ കർത്താവ് പ്രതിഫലം നൽകട്ടെ. നമ്മുടെ രൂപത താരതമ്യേന ഒരേ സാമൂഹിക സാംസ്കാരിക പശ്ചാത്തലം പുലർത്തുന്ന രൂപതയാകയാൽ വിശ്വാസപരിശീലനത്തിന്റെ സമയത്തിലും ക്രമീകരണത്തിലും ഐക്യബോധത്തോടെ പ്രവർത്തിക്കാൻ നമുക്കു കഴിയണം. നമ്മുടെ വിശ്വാസോത്സവം പൊതുസമയക്രമം പാലിച്ചുകൊണ്ട് കാര്യപരിപാടികൾ ഏറ്റവും കാര്യക്ഷമവും മാതൃകാപരവുമായ രീതിയിൽ നടപ്പാക്കുന്നതിൽ താത്പര്യം കാണിച്ച എല്ലാവരെയും സ്നേഹപൂർവം നന്ദിയോടെ ഓർക്കുന്നു. മീഡിയറൂം, സെയിന്റ്സ് കോർണർ, മറ്റു സാങ്കേതികവിദ്യകൾ എല്ലാം ഉപയോഗിച്ചുകൊണ്ട് വിശ്വാസപരിശീലനം നമുക്ക് ഊർജസ്വലവും ഫലദായകവുമാക്കാം. വിശ്വാസപരിശീലനരംഗത്തു സമർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന എല്ലാവരെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഈശോയുടെ മുമ്പിൽ സമർപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 29.05.2026

---

NB: *ഈ ഇടയലേഖനം 2026 മേയ് 31-ാം തീയതി ഞായറാഴ്ച വായിക്കാൻ നല്കപ്പെട്ടത്..*

## അറിയിപ്പ്

# വാർഷികധ്യാനം

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

ജൂലൈ മാസം 6-ാം തീയതി തിങ്കളാഴ്ച മുതൽ 10-ാം തീയതി വെള്ളിയാഴ്ച വരെയും 13-ാം തീയതി തിങ്കളാഴ്ച മുതൽ 17-ാം തീയതി വെള്ളിയാഴ്ച വരെയും രണ്ടു ബാച്ചുകളായി ഈ വർഷത്തെ നമ്മുടെ വാർഷികധ്യാനം ക്രമീകരിച്ചിരിക്കുകയാണല്ലോ. ആണ്ടുവട്ടത്തിലെ ആത്മീയനവീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദിനങ്ങളായി ഈ വാർഷികധ്യാനദിവസങ്ങളെ പരിഗണിക്കുമല്ലോ. അജപാലനനന്മയിൽ കൂടുതൽ തീക്ഷ്ണതയോടെ മുന്നേറുവാൻ ദൈവവചനത്തിനും ആരാധനാജീവിതത്തിനും അജപാലനദൈവശാസ്ത്രത്തിനും പ്രാധാന്യം നൽകുന്ന ധ്യാനമാണ് ഈ വർഷവും ക്രമീകരിച്ചിരിക്കുന്നത്. പാലക്കാട് രൂപതാംഗമായ റവ. ഡോ. അരുൺ കലമറ്റത്തിലച്ചനാണ് വാർഷികധ്യാനം നയിക്കുന്നത്.

നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കണം. ആരോഗ്യപരമായ കാരണങ്ങളാൽ ആർക്കെങ്കിലും പങ്കെടുക്കാൻ സാധിക്കുകയില്ലെങ്കിൽ പിന്നീട് ഏറ്റവും അടുത്ത നാലു പൂർണ്ണദിവസങ്ങളിൽ ധ്യാനിക്കേണ്ടതാണ്. ധ്യാനത്തിനു പോകുന്ന സ്ഥലവും സമയവും എന്നെ നേരിട്ട് അറിയിക്കുമല്ലോ.

**വാർഷികധ്യാനത്തിൽ പങ്കെടുക്കാൻ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

1. തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ചവരെയാണ് ഇരുബാച്ചുകളുടെയും ധ്യാനദിവസങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.
2. വിശുദ്ധഗ്രന്ഥം, യാമപ്രാർത്ഥനപ്പുസ്തകം (രണ്ടാം വാല്യം), കുർബാനക്കണക്ക്, കൊത്തീന, സൂനാറ, ഊറാറ എന്നിവ കൊണ്ടുവരേണ്ടതാണ്.
3. ധ്യാനദിവസങ്ങളിലെ പരിശുദ്ധകുർബാനയിൽ എല്ലാ വൈദികരും പങ്കെടുക്കണം. ആ ദിവസത്തിൽ ഇടവകകളിലോ

സ്ഥാപനങ്ങളിലോ വിശുദ്ധ കുർബാന അർപ്പിക്കുവാൻ പോകേണ്ടതില്ല.

4. നൂറിൽ കൂടുതൽ വിശുദ്ധ കുർബാനനിയോഗങ്ങൾ കൈവശമുള്ള വൈദികർ അവ ധ്യാനാവസരത്തിൽ രൂപതക്കച്ചേരിയിൽ ഏല്പിക്കേണ്ടതാണ്. പതിനായിരം രൂപയിൽ കൂടുതൽ ഏല്പിക്കുമ്പോൾ ചെക്കായി നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

5. കഴിഞ്ഞ വാർഷികധ്യാനത്തിനുശേഷം വൈദികർ രൂപതാധ്യക്ഷന്റെ നിയോഗത്തിൽ അർപ്പിച്ചിട്ടുള്ള വിശുദ്ധ കുർബാനകളുടെ എണ്ണം (binated & trinated) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. ധ്യാനദിവസങ്ങളിൽ ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു വിശ്വാസികളെ ഉദ്ബോധിപ്പിക്കേണ്ടതാണ്.

8. ധ്യാനത്തിന്റെ പ്രാരംഭദിവസമായ തിങ്കളാഴ്ച വൈകുന്നേരം ആറു മണിക്കുമ്പായി എല്ലാ വൈദികരും അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരേണ്ടതാണ്.

9. രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന വാർഷികധ്യാനത്തിൽ (ബാച്ച് I: ജൂലൈ 6 തിങ്കൾ മുതൽ 10 വെള്ളി; ബാച്ച് II : ജൂലൈ 13 തിങ്കൾ മുതൽ 17 വെള്ളി) പങ്കെടുക്കേണ്ട ബഹുമാനപ്പെട്ട വൈദികരുടെ ലിസ്റ്റ് 2026 ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ (സാന്ത്വനപ്രകാശം Vol. LXXVI April 2026 No. 4) പേജ് 246 ൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 05.06.2026

# ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്

## പത്രോസിന്റെ കാശ്

മാർപാപ്പായുടെ അജപാലനപ്രവർത്തനങ്ങളെ സഹാ യിക്കുന്നതിനുവേണ്ടി പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ-29) ആഗോളസഭയിൽ നടത്തപ്പെടുന്ന സംഭാവനശേഖരണ ത്തിൽ നമുക്കു പങ്കുചേരാം. ജൂൺ 28-ാം തീയതി ഞായറാ ഴ്ച വി. കുർബാനമധ്യേ ഈ നിയോഗാർത്ഥം സംഭാവന ശേഖരിക്കുകയും ലഭിക്കുന്ന തുക ജൂലൈ 31 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

ലോകവാർത്താമാധ്യമദിനത്തോടനുബന്ധിച്ചു 2026 ജൂൺ 14-ാം തീയതി വിശുദ്ധ കുർബാനമധ്യേ ശേഖരി ക്കുന്ന സ്തോത്രക്കാഴ്ച കെ.സി.ബി.സി. മീഡിയ കമ്മീ ഷന്റെ പ്രവർത്തങ്ങൾക്കായി നൽകേണ്ടതാണ്. ജൂലൈ 31 നു മുമ്പായി അത് രൂപതാകേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

# കച്ചേരിക്കാര്യം

## Transfers & Appointments

| Name | Appointment |
|---|---|
| Arimattathu Joseph | Pastoral ministry for the Syro Malabar faithful in Rome |
| Kadhaliyil Joseph | Doctoral Studies, Rome |
| Kakkaniyil Abraham | Asst Vicar, Paika |
| Kizhakkel Thomas | Pastoral Ministry, Eparchy of Chicago, USA |
| Kulangara Philip | Vicar, Paduva |
| Muthuplakkal Mathew | Pastoral Assistant, Karoor (additional) |
| Olayathil Thomas | Director, Evangelization Programme |
| Pandiammakkal Joseph Jr | Xavierpuram Vicar in Charge |
| Thannimalayil Thomas | Professor, Good Shepherd Minor Seminary, Karoor |
| Thayyil Thomas Cyril | Senior Assistant Director, Beth Aprem Nazrani Dayara, Kappumthala |
| Theruvankunnel Joseph | Licentiate Studies, Rome |
| Thennattil Mathew | Asst Vicar, Arunoottimangalam |
| Vattappallil Joseph | Director, PSWS |

# അറിയിപ്പ്

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ഡി.എം.ഇ. (ഗവ.) അംഗീകൃത ഡിപ്ലോമ ഇൻ സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ടെക്നോളജി (DCSST), ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി (DDT), ഡിപ്ലോമ ഇൻ റെസ്പിറേറ്ററി ടെക്നോളജി (D Resp. T) കോഴ്സുകളിലേക്കും കൂടാതെ ഗവ. അംഗീകൃത യൂണിവേഴ്സിറ്റികളുടെ വിവിധ പാരാമെഡിക്കൽ B.Sc., M.Sc. കോഴ്സുകളിലേക്കും, MHA കോഴ്സിനും അപേക്ഷകൾ ക്ഷണിക്കുന്നു. അർഹതയുള്ളവർക്ക് കോഴ്സ് ഫീസിന്റെ 60–90% സ്കോളർഷിപ്പോടെ പഠിക്കുവാനുള്ള മികച്ച അവസരം! പഠനത്തിൽ മികവ് പുലർത്തുന്നവർക്ക്, പഠനശേഷം മാർ സ്ലീവാ മെഡിസിറ്റിയിൽത്തന്നെ ജോലി ലഭിക്കുവാനുള്ള സാധ്യതയും! അപേക്ഷിക്കേണ്ട അവസാന തീയതി: ജൂലൈ 31, 2026. കൂടുതൽ വിവരങ്ങൾക്ക് ആശുപത്രി അക്കാദമിക്സ് വിഭാഗത്തിലെ +91 8281699240 എന്ന നമ്പറിൽ ബന്ധപ്പെടുക.

**Academics Department**
Mar Sleeva Medicity Palai

# 2026–27 അധ്യയനവർഷത്തിൽ ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ ചേർന്ന കുട്ടികളുടെ പേരുവിവരം

| No | House Name | Baptismal Name | Name | Parish | Quali. |
|---|---|---|---|---|---|
| 1 | Adackamundackal | Mathew | Asish Suno Mathew | Kanjiramattom | BSc. |
| 2 | Appakottil | Alphons | Alphons Joy | Poozhikol | X |
| 3 | Chamakalayil | Mathew | Mathew Emma-nuel | Retnagiri | X |
| 4 | Kacholakalayil | Antony | Austin John | Paingalam | X |
| 5 | Kalappurackal | Augustine | Augustine Tom | Cathedral | X |
| 6 | Kallumadickal | Joseph | Jerome Kurian | Cherpunkal | XII |
| 7 | Kizhakkekara | George | Jopy George Sunny | Poovathodu | MA |
| 8 | Kochukizhakkedathu | George John | Jeffin Benny | Kuravilangad | X |
| 9 | Kulathunkal | Joseph | Riyon Daiji | Xavierpuram | X |
| 10 | Kuzhikandathil | Varghese | Bibin Benny | Thuruthippally | BCA |
| 11 | Makkiyil | Augustine | Ciljo Siby | Chakkampuzha | XII |
| 12 | Mundiyanipuram | George | Christy Thomas | Monippally | XII |
| 13 | Mylellumthadathil | Thomas | Thomas Binu | Santhipuram | X |
| 14 | Plathottathil | Sebastian | Arun Baby | Koodalloor | X |
| 15 | Pazhamel | Mathew | Sonu Roy | Retnagiri | X |
| 16 | Peruparmbil | Mathew | Deon Shijo | Velanilam | X |
| 17 | Thundathil | Joseph | Antony T Roy | Retnagiri | XII |
| 18 | Valayathil | Thomas Abraham | Kevin Jomon | Cathedral | X |
| 19 | Varayathukarottu | Thomas | Alphage Joseph | Aruvithura | X |
| 20 | Vettuvazhiyil | Scaria | Jomal Benny | Kaduthuruthy | X |

## FAMILY APOSTOLATE- DIOCESE OF PALAI
## Mob: 8547150049
## MARRIAGE PREPARATION RETREAT – 2026

| | | | |
|---|---|---|---|
| June | **12,13,14** (Fri-Sun) | *** | **26,27,28** (Fri-Sun) |
| July | *** | *** | 24,25,26 (Fri-Sun) |
| August | **7,8,9** (Fri-Sun) | *** | **28,29,30** (Fri-Sun) |
| September | **11,12,13** (Fri-Sun) | *** | **25,26,27** (Fri-Sun) |
| October | **9,10,11** (Fri-Sun) | **19,20,21** (Mon-Wed) | *** |
| November | **2,3,4** (Mon-Wed) | *** | **20,21,22** (Fri-Sun) |
| December | **11,12,13** (Fri-Sun) | **18,19,20** (Fri-Sun) | **28,29,30** (Mon-Wed) |
| 2027 January | **8,9,10** (Fri-Sun) | **22,23,24** (Fri-Sun) | **29,30,31** (Fri-Sun) |




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയുടെ സി.എസ്.എസ്.ഡി വിഭാഗത്തിനു ദേശീയ പുരസ്കാരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ഡിപ്പാർട്ട്മെന്റിന് (സിഎസ്എസ്ഡി) കഹോയുടെ ദേശീയപുരസ്കാരവും സർട്ടിഫിക്കേഷനും ലഭിച്ചു. ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള വലിയ ആരോഗ്യസ്ഥാപനങ്ങളുടെ വിഭാഗത്തിലാണ് മാർ സ്ലീവാ മെഡിസിറ്റി ഒന്നാം സ്ഥാനത്തിന് അർഹമായത്. ദക്ഷിണേന്ത്യയിൽ കേരളത്തിന് ആദ്യമായാണ് മാർ സ്ലീവാ മെഡിസിറ്റിയിലൂടെ ഈ പുരസ്കാരം ലഭിക്കുന്നത്. 200ൽ പരം ആശുപത്രികളാണ് വലിയ ആരോഗ്യസ്ഥാപനങ്ങളുടെ പട്ടികയിലുള്ളത്. അണുബാധനിയന്ത്രണത്തിലും രോഗീസുരക്ഷ ഉറപ്പാക്കുന്നതിലും നിർണായകപങ്ക് വഹിക്കുന്ന വിഭാഗമാണ് സി.എസ്.എസ്.ഡി. ഉന്നതഗുണനിലവാരത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് മാർ സ്ലീവാ മെഡിസിറ്റിയിലെ സി.എസ്.എസ്.ഡി വിഭാഗം പ്രവർത്തിക്കുന്നത്. കൃത്യമായ പരിശീലനങ്ങൾ, വിദഗ്ധ മാർഗനിർദേശങ്ങൾ, കർശനമായ ഓഡിറ്റുകൾ, മികച്ച പ്രവർത്തനരീതികൾ നടപ്പാക്കൽ എന്നിവയിലൂടെയാണ് സി.എസ്.എസ്.ഡി വിഭാഗം ഉന്നതഗുണമേന്മ ഉറപ്പാക്കുന്നത്. ചെന്നൈയിൽ നടന്ന കഹോകോൺ ഇന്റർനാഷണൽ കോൺഫെറൻസിൽ ഇന്റർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഇൻ ഹെൽത്ത്കെയർ (ISQua) ബോർഡ് മെംബർ ഡോ. ഷിനു ഉഷിറോയിൽനിന്നും മാർ സ്ലീവാ മെഡിസിറ്റി എച്ച്.ആർ, നഴ്സിങ് ആൻഡ്

അക്കാദിക് അസോ.ഡയറക്ടർ റവ.ഡോ.ജോസഫ് കരികുളം ദേശീയപുരസ്കാരം ഏറ്റുവാങ്ങി. ആശുപത്രി ചീഫ് നഴ്സിങ് ഓഫിസർ ലഫ്. കേണൽ മജല്ല മാത്യു, ചീഫ് ഓപ്പറേറ്റിങ് ഓഫിസർ ഡോ.ഗോപിനാഥ് എം, ക്വാളിറ്റി വിഭാഗം സീനിയർ മാനേജർ സിറിയക് ജോർജ്, സി.എസ്.എസ്.ഡി വിഭാഗം സൂപ്പർവൈസർ ലിൻസി ജേക്കബ്, അസി. നഴ്സിങ് സൂപ്രണ്ട് ബിനു ലക്ഷ്മൺ എന്നിവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹൃദ്രോഗചികിത്സയ്ക്കായി നൂതന ഒ.സി.റ്റി സംവിധാനം ആരംഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹൃദ്രോഗചികിത്സയ്ക്കായി എ.ഐ. സാങ്കേതികവിദ്യയോടുകൂടിയ നൂതന ഒ.സി.റ്റി (ഒപ്റ്റിക്കൽ കോഹറൻസ് ടോമോഗ്രാഫി) സംവിധാനംകൂടി പ്രവർത്തനം തുടങ്ങി. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് വെഞ്ചരിപ്പ് നിർവഹിച്ചു.

അതിസങ്കീർണ്ണമായ കൊറോണറി ആൻജിയോപ്ലാസ്റ്റി ചികിത്സ കൂടുതൽ കൃത്യതയോടെയും ഫലപ്രദമായും ചെയ്യുന്നതിനുള്ള അൾട്രിയോൺ 2 ഒ.സി.റ്റി യാണ് ആശുപത്രിയിൽ സ്ഥാപിച്ചത്. ഹൃദയത്തിലെ രക്തക്കുഴലുകളുടെ അകത്തെ ഘടനകൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുമെന്നതാണ് ഇതിന്റെ ഏറ്റവും പ്രധാന നേട്ടം. രക്തക്കുഴലിലെ ബ്ലോക്കുകളുടെ സ്വഭാവവും തീവ്രതയും കൃത്യമായി തിരിച്ചറിയാനും ബ്ലോക്കുകൾ ഏതു തരത്തിലുള്ളതാണെന്നു നിർവചിക്കുവാനും ഒ.സി.റ്റി പരിശോധനയിലൂടെ സാധിക്കും. ഇതിനാൽ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകൾക്ക് എ.ഐ.സാങ്കേതികവിദ്യയിലൂടെ കൂടുതൽ കൃത്യതയോടെ ഇമേജിങ് നടത്താനും സ്റ്റെന്റുകൾ സ്ഥാപിക്കുന്നത് കൂടുതൽ കൃത്യമാക്കാനും സാധിക്കും. കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ.രാംദാസ് നായിക് ഒ.സി.റ്റിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേൽ, ഫിനാൻസ് മെറ്റീരിയൽസ് വിഭാഗം അസോ.ഡയറക്ടർ റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു.

**സിവിക് കണക്റ്റ് പ്രോഗ്രാം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ അസംബ്ലി ഹാളിൽ സിവിക് കണക്റ്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി വെരി.റവ.ഫാ.ജോസഫ് മലേപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ്, ഐ.ടി അസോസിയേറ്റ് ഡയറക്ടർ റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ, റിലേഷൻസ് മാനേജർ ഡോ.പ്രഫ.സാ

ബു.ഡി.മാത്യു എന്നിവർ പ്രസംഗിച്ചു. വിവിധ ചികിത്സാവിഭാഗങ്ങളിലെ വകുപ്പുമേധാവികളായ ഡോക്ടർമാർ ആശുപത്രിയിലെ ആധുനികചികിത്സാസൗകര്യങ്ങളും സംവിധാനങ്ങളും പ്രോഗ്രാമിൽ വിശദീകരിച്ചു. ചികിത്സ തേടിയവർ അനുഭവങ്ങളും പങ്കുവച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ നിയോനറ്റൽ റീസസിറ്റേഷൻ പ്രോഗ്രാം നടന്നു**

ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് നാഷണൽ നിയോനറ്റോളജി ഫോറത്തിന്റെ നേതൃത്വത്തിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് നിയോനറ്റൽ റീസസിറ്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ വിഭാഗങ്ങളിൽനിന്നുള്ള പീഡിയാട്രിക്സ് നിയോനറ്റോളജി വിഭാഗം ഡോക്ടർമാർ പങ്കെടുത്തു. നാഷണൽ നിയോനറ്റോളജി ഫോറം സംസ്ഥാന പ്രസിഡന്റ് ഡോ.ഒ.ജോസ് ഉദ്ഘാടനം ചെയ്തു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ, ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് എയർകോമഡോർ ഡോ.പോളിൻ ബാബു, പീഡിയാട്രിക്സ് ആൻഡ് നിയോനറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ.അനിൽ നാരായണൻ, ഡോ.സിസ്റ്റർ ജ്യോതിസ് ജെയിംസ് എന്നിവർ പ്രസംഗിച്ചു. നവജാതശിശുക്കളുടെ പരിചരണത്തെയും നൂതനചികിത്സകളെയുംക്കുറിച്ച് വിദഗ്ധരുടെ മേൽനോട്ടത്തിൽ പരിശീലനവും പ്രോഗ്രാമിന്റെ ഭാഗമായി നടത്തി.

**ഒറ്റദിവസം 11 റോബോട്ടിക് മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തി മാർ സ്ലീവാ മെഡിസിറ്റിക്ക് ചരിത്രനേട്ടം**

ഒറ്റദിവസം 11 റോബോട്ടിക് മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി പാലാ മാർ സ്ലീവാ മെഡിസിറ്റി ചരിത്രനേട്ടം കുറിച്ചു. പ്രമുഖ ഓർത്തോപീഡിക്സ് സർജൻ ഡോ.ഒ.ടി. ജോർജിന്റെ നേതൃത്വത്തിലാണ് മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയകളിലൂടെ 11 റോബോട്ടിക് മുട്ടുമാറ്റിവയ്ക്കൽ നടത്തി റിക്കോർഡ് നേട്ടം സ്വന്തമാക്കിയത്. പുലർച്ചെമുതൽ തുടങ്ങിയ ശസ്ത്രക്രിയകളിലൂടെയാണ് 11 റോബോട്ടിക് ശസ്ത്രക്രിയകൾ ഒറ്റദിവസം പൂർത്തീകരിച്ചത്. രണ്ടു റോബോട്ടുകൾ ഉപയോഗിച്ചായിരുന്നു ശസ്ത്രക്രിയകൾ.

അത്യാധുനിക സാങ്കേതികവിദ്യകളോടെയുള്ള വെല്ലീസ് റോബോട്ട് ഉപയോഗിച്ചാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിവരുന്നത്. ശസ്ത്രക്രിയാവിദഗ്ധനെ സഹായിക്കാൻ സാധിക്കുന്ന അത്യാധുനികമായ റോബോട്ട് ആണിത്. ഒരോരുത്തരുടെയും മുട്ടുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ഡാറ്റയും ശേഖരിച്ച് ഏറ്റവും അനുയോജ്യമായ ഇംപ്ലാന്റ് തിരഞ്ഞെടുത്താണ് റോബോട്ടിക് സാങ്കേതി

കവിദ്യയിലൂടെ ശസ്ത്രക്രിയകൾ നടത്തുന്നത്. ശസ്ത്രകിയാസമയത്ത് തൽസമയവിവരങ്ങൾ നൽകാൻ കഴിയുന്നതിനാൽ വിദഗ്ധ ഡോക്ടർമാർക്ക് കൃത്യമായ തീരുമാനങ്ങൾ എടുത്തു കേടായ അസ്ഥിഭാഗങ്ങൾ നീക്കം ചെയ്യാൻ സാധിക്കും. ഇൻഫ്രാറെഡ് ക്യാമറയും ഒപ്റ്റിക്കൽ ട്രാക്കറുകളും ഉപയോഗിച്ച് പരമാവധി കൃത്യത ഉറപ്പാക്കി കുറഞ്ഞ വേദനയും വേഗത്തിലുള്ള സുഖപ്രാപ്തിയും റോബോട്ടിക് ശസ്ത്രക്രിയയിലൂടെ സാധ്യമാകുന്നു. ഓർത്തോപീഡിക്സ് ചികിത്സാരംഗത്ത് മികവിന്റെ കേന്ദ്രമായ മാർ സ്ലീവാ മെഡിസിറ്റിയിൽ രണ്ടായിരത്തിൽപരം മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നേരത്തേ നടന്നുകഴിഞ്ഞിരുന്നു. സാധാരണക്കാർക്കും റോബോട്ടിക്ശസ്ത്രക്രിയകളിലൂടെ വേഗത്തിലുള്ള സുഖപ്രാപ്തി ലക്ഷ്യമിട്ടാണ് അത്യാധുനിക റോബോട്ടിക് സാങ്കേതിക വിദ്യകൾകൂടി പ്രയോജനപ്പെടുത്തി ശസ്ത്രക്രിയകൾ മുന്നേറുന്നത്. നാലു പേരുടെ രണ്ടു മുട്ടുകൾ വീതവും മൂന്നു പേരുടെ ഓരോ മുട്ടുവീതവും ഒറ്റദിവസത്തിൽത്തന്നെ മാറ്റിവച്ചാണ് റിക്കോർഡ് നേട്ടം കുറിച്ചത്. ഓർത്തോപീഡിക്സ് സർജൻ ഡോ.നിതിൻ തോമസ് ജോർജ്, അനസ്തേഷ്യോളജി വിഭാഗം മേധാവി ഡോ.മഞ്ജിത്ത് ജോർജ്, സീനിയർ കൺസൾട്ടന്റുമാരായ ഡോ.അനു ജനാർദനൻ, ഡോ.ജെയിംസ് സിറിയക് എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ അവയവമാറ്റത്തിലൂടെ റിവിഷൻ ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയ വിജയകരമായി നടത്തി**

അവയവമാറ്റത്തിലൂടെ റിവിഷൻ ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയ മാർ സ്ലീവാ മെഡിസിറ്റി ഓർത്തോപീഡിക്സ് വിഭാഗം വീണ്ടും വിജയകരമായി നടത്തി. പാലാസ്വദേശിയായ 67 കാരന്റെ കാലപ്പഴക്കം മൂലം ഇളകിമാറിയ 35 വർഷം പഴക്കമുള്ള ഇടുപ്പിലെ കൃത്രിമസന്ധിയാണ് മാറ്റി വച്ചത്. ബംഗളുരുവിലെ രാമയ്യാ മെഡിക്കൽ കോളേജിൽ നിന്ന് അവയവമാറ്റശസ്ത്രക്രിയയിലൂടെ എത്തിച്ച അല്ലോഗ്രാഫ്റ്റ് ഉപയോഗിച്ച് എല്ലിലുണ്ടായ വലിയ വിടവ് നികത്തിയശേഷം റിവിഷൻ ഇംപ്ലാന്റുകൾ ഉപയോഗിച്ച് പുതിയ കൃത്രിമസന്ധി ഘടിപ്പിച്ചായിരുന്നു ശസ്ത്രക്രിയ. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.രാജീവ് പി.ബിയുടെ നേതൃത്വത്തിലാണ് നാലു മണിക്കൂർ നീണ്ടു നിന്ന ശസ്ത്രക്രിയയിലൂടെ അല്ലോഗ്രാഫ്റ്റ് ഉപയോഗിച്ചുള്ള ശസ്ത്രക്രിയ വിജയകരമാക്കിയത്. വർഷങ്ങൾക്കു മുമ്പുണ്ടായ അപകടത്തിൽ ഇടുപ്പിലെ ഗോളത്തിനു പരുക്കേറ്റതിനെത്തുടർന്നാണ് 67കാരന് കൃത്രിമ സന്ധി സ്ഥാപിച്ചിരുന്നത്. അടുത്തിടെ അതിശക്തമായ വേദനയെത്തുടർന്ന് മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ പരിശോധനയിൽ മുമ്പു സ്ഥാപിച്ച കൃത്രിമസന്ധി ഇളകിയതായി കണ്ടെത്തി. ചുറ്റുമുള്ള അസ്ഥി കൃത്രിമസ

ഡിയിലുള്ള പോളിഎത്തിലീൻ ഘടകങ്ങളുടെ പ്രതിപ്രവർത്തനംമൂലം ദ്രവിച്ചതായും ശ്രദ്ധയിൽ പെട്ടു. എല്ലിൽ ഉണ്ടായ വലിയ വിടവ് നികത്താൻ ബംഗളുരുവിൽനിന്ന് അവയവമാറ്റത്തിലൂടെയുള്ള അല്ലോഗ്രാഫ്റ്റ് എത്തിക്കുകയായിരുന്നു. ഡോ.രാജീവ് പി.ബി യുടെ നേതൃത്വത്തിൽ നടത്തിയ ശസ്ത്രക്രിയയിൽ ഓർത്തോപീഡിക്സ് വിഭാഗം മേധാവി പ്രഫ.ഡോ. മാത്യു എബ്രഹാം, ഡോ. സിബിൻ സൈഫുദീൻ, അനസ്തേഷ്യവിഭാഗത്തിലെ ഡോ.എബി ജോൺ, ഡോ.ജെയിംസ് സിറിയക്, ഡോ. രേഷ്മ എന്നിവരും പങ്കെടുത്തു. സുഖം പ്രാപിച്ച രോഗി വീട്ടിലേക്ക് മടങ്ങുകയും ചെയ്തു. നേരത്തേ ബൈക്കപകടത്തിൽ ഗുരുതരപരുക്കേറ്റ യുവാവിന് അവയമാറ്റത്തിലൂടെ എത്തിച്ച അല്ലോഗ്രാഫ്റ്റ് സ്ഥാപിച്ചു സംസ്ഥാനത്തെ ആദ്യത്തെ കാർട്ടിലേജ് ബോൺ കോംപ്ലക്സ് അവയവമാറ്റശസ്ത്രക്രിയയും മാർ സ്ലീവാ മെഡിസിറ്റിയിലാണ് നടത്തിയിരുന്നത്.

**സൗജന്യ മൾട്ടിസ്പെഷ്യാലിറ്റി ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയും, ഹോമിയോപ്പതി ഡോക്ടർമാരുടെ സംഘടനയായ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പതി കേരളയും എസ്.എം.വൈ.എം ഉം ചേർന്നു സൗജന്യ മൾട്ടി സ്പെഷ്യലിറ്റി ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പ് നടത്തി. ചേർപ്പുങ്കൽ ഹോളി ക്രോസ് എച്ച്.എസ്.എസിൽ നടത്തിയ മെഡിക്കൽ ക്യാമ്പ് പാലാ നഗരസഭ ചെയർപേഴ്സൺ ദിയ ബിനു ഉദ്ഘാടനം ചെയ്തു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. മാർ സ്ലീവാ ഫൊറോനാ പള്ളി വികാരി വെരി.റവ ഫാ. ജോസ് വള്ളോംപുരയിടത്തിൽ, മാർ സ്ലീവാ മെഡിസിറ്റി ബ്രാൻഡിങ് ആൻഡ് ഹെൽത്ത് കെയർ പ്രമോഷൻസ്, ഐടി അസോ. ഡയറക്ടർ റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ, സമഗ്രം മെഡിക്കൽ ക്യാമ്പ് കോഓർഡിനേറ്റർ ഡോ. ഷാൻസി റെജി, എസ്.എം.വൈ.എം ജനറൽ സെക്രട്ടറി സോന മാത്യു, ക്യാമ്പ് കോഓർഡിനേറ്റർ ഡോ.വിമൽ ശർമ്മ എന്നിവർ പ്രസംഗിച്ചു.ഐ.എച്ച്.കെ ജില്ലാ സെക്രട്ടറി ഡോ.ജ്യോതിഷ് ടി.കെ, ജില്ലാ കോർഡിനേറ്റർ ഡോ.ലിബിൻ ജോബ് എന്നിവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ നഴ്സസ് ദിനാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഇന്റർനാഷണൽ നഴ്സസ് ദിനാചരണം നടത്തി. എം.ജി.സർവകലാശാലാ രജിസ്ട്രാർ പ്രഫ.ഡോ.ബിസ്മി ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സിഇഒ റവ.ഫാ.മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. ചീഫ് നഴ്സിങ് ഓഫിസർ ലഫ്.കേണൽ മജല്ല മാത്യു തീം പ്രസന്റേഷൻ

നിർവഹിച്ചു. ആശുപത്രി ഹ്യൂമൻ റിസോഴ്സസ്, നഴ്സിങ് ആൻഡ് അക്കാദമിക്സ് അസോ. ഡയറക്ടർ റവ.ഡോ. ജോസഫ് കരികുളം, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പോളിൻ ബാബു, ചീഫ് നഴ്സിങ് ഓഫിസർ ഷിനി തോമസ്, ക്വാളിറ്റി വിഭാഗം സീനിയർ മാനേജർ സിറിയക് ജോർജ്, ഡപ്യൂട്ടി നഴ്സിങ് ഓഫിസർ സുബി മാത്യു എന്നിവർ പ്രസംഗിച്ചു. നഴ്സിങ് രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച്ചവരെയും മികവുറ്റ പ്രവർത്തനം നടത്തിയ വിവിധ നഴ്സിങ് വിഭാഗങ്ങളെയും ചടങ്ങിൽ ആദരിച്ചു. ദി മാർ സ്ലീവൻസ് ഇ –മാഗസിന്റെ പ്രകാശനം മാനേജിങ് ഡയറക്ടർ റവ.ഫാ.മാത്യു തെക്കേൽ നിർവഹിച്ചു. നഴ്സസ് ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. നഴ്സുമാരുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

**കുട്ടികൾക്കായി കളിച്ചു വളരാം പ്രോഗ്രാം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റി ക്ലിനിക്കൽ സൈക്കോളജിവിഭാഗത്തിന്റെയും പാലാ സെന്റ് തോമസ് കോളജിന്റെയും നേതൃത്വത്തിൽ പഠന ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദ്യാർത്ഥികൾക്കായി 5 ദിവസത്തെ കോഗ്നിറ്റീവ് സ്കിൽ എൻഹാൻസ്മെന്റ് ഗ്രൂപ്പ് തെറാപ്പി പ്രോഗ്രാം – 'കളിച്ചു വളരാം' സെന്റ് തോമസ് കോളജിൽ സംഘടിപ്പിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ സെന്റ് ജോർജ് ഫൊറോന പള്ളിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.ഹൈപ്പർ ടെൻഷൻ ദിനാചരണത്തിന്റെ ഭാഗമായി ആശുപത്രിയിൽ വച്ച് പൊതുജനങ്ങൾക്കായി സൗജന്യ രക്തസമ്മർദപരിശോധനയും നടത്തി.

**സൗജന്യ എ.ഐ. മാമ്മോഗ്രാം ക്യാമ്പുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുമരകം റോട്ടറി ക്ലബ്ബ്, കോട്ടയം ഈസ്റ്റ് റോട്ടറി ക്ലബ്ബ് എന്നിവയുമായി സഹകരിച്ച് സൗജന്യ എ.ഐ.മാമ്മോഗ്രാം പരിശോധനക്യാമ്പുകൾ സംഘടിപ്പിച്ചു.

**രക്തദാനക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ മരിയസദനത്തിൽ വച്ച് സൗജന്യ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.

**സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എസ്.ഡി സ്റ്റഡി ഹൗസിൽ നടത്തിയ സൗജന്യ ബോധവൽക്കരണക്ലാസ്സിൽ ക്ലിനിക്കൽ സൈക്കോളജിവിഭാഗത്തിലെ ഡോ. സിസ്റ്റർ ജൂലി എലിസബത്ത് ക്ലാസ്സ്

നയിച്ചു. കൊഴുവനാൽ സാൻസ് ലബോറട്ടറിയിൽ നടത്തിയ ബോധവൽക്കരണക്ലാസ്സിനു ക്ലിനിക്കൽ സൈക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ഏയ്ഞ്ചൽ തോമസ് നേതൃത്വം നൽകി. പൈക ഗ്ലൻറോക്ക് റബേഴ്സിൽ ലോക ആസ്ത്മദിനത്തോടനുബന്ധിച്ചു നടത്തിയ ബോധവൽക്കരണക്ലാസ്സ് പൾമണറിവിഭാഗം കൺസൾട്ടന്റ് ഡോ.രാജ്കൃഷ്ണൻ എസ് നയിച്ചു. കൊച്ചിൻ ടി.സി.എസ് ജീവനക്കാർക്കായി നടത്തിയ ഓൺലൈൻ ബോധവൽക്കരണക്ലാസ്സ് ക്ലിനിക്കൽ സൈക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ഏയ്ഞ്ചൽ തോമസ് നയിച്ചു.

**ഓൺലൈൻ മെഡി ടോക്ക് പ്രോഗ്രാം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രവാസി അപ്പോസ്തലേറ്റുമായി സഹകരിച്ച് ഓൺലൈൻ മെഡിടോക്ക് പ്രോഗ്രാം സംഘടിപ്പിച്ചു. ക്ലിനിക്കൽ സൈക്കോളജി വിഭാഗത്തിലെ ഡോ. ഏയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**കണ്ടിന്യൂയിങ് മെഡിക്കൽ എജ്യൂക്കേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വൈക്കം ഐ.എം.എയുമായി സഹകരിച്ച് കണ്ടിന്യൂയിങ് മെഡിക്കൽ എജ്യൂക്കേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.രാജീവ് എബ്രഹാം, എമർജൻസി വിഭാഗം മേധാവി ഡോ.ശ്രീജിത്ത് ആർ നായർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. തിരുവല്ല ഐ.എം.എയുമായി സഹകരിച്ചുനടത്തിയ പ്രോഗ്രാമിൽ സർജിക്കൽഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ.മഞ്ജുരാജ് കെ.പി.പ്രബന്ധം അവതരിപ്പിച്ചു. വണ്ടിപ്പെരിയാർ ഐ.എം.എയുമായി സഹകരിച്ചു നടത്തിയ പ്രോഗ്രാമിൽ പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്ടീവ് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ. അനീഷ് ജോസഫ് പ്രബന്ധം അവതരിപ്പിച്ചു. കോട്ടയം ഐ.എം.എ. ഹൗസിൽ നടന്ന ഐ.എം.എ മീറ്റിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.അഞ്ജു മേരി ദേവസ്യ, ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് പോൾ ലൂക്കോസ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.കോട്ടയം സർജറി ക്ലബ്ബുമായി സഹകരിച്ചുനടത്തിയ പ്രോഗ്രാമിൽ പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്ടീവ് സർജറിവിഭാഗം മേധാവി എയർകോമഡോർ ഡോ.പോളിൻ ബാബു പ്രബന്ധം അവതരിപ്പിച്ചു.

**ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഗൈനക്കോളജി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. അനൂപ് കൃഷ്ണനും ന്യൂക്ലിയർ മെഡിസിൻ

വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ.ജേക്കബ് സ്റ്റീഫൻസണും റേഡിയോഡയഗ്നോസിസ് ആൻഡ് ഇമേജിങ് വിഭാഗത്തിൽ റേഡിയോളജിസ്റ്റായി ഡോ.ഷിന്റോ സെബാസ്റ്റ്യനും ചുമതലയേറ്റു.

**ഫാ. മാത്യു തെക്കേൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

- മാർ ജെയിംസ് അത്തിക്കളം (സാഗർ)
- മാർ ജെയിംസ് റാഫേൽ ആനാപറമ്പിൽ (ആലപ്പുഴ)
- ജസ്റ്റിസ് വിജു അബ്രഹാം (Kerala High Court Judge)

**രോഗിദിനം**

മേയ് 9 ശനിയാഴ്ച തീർത്ഥാടനകേന്ദ്രം രോഗിദിനമായി ആചരിച്ചു. രാവിലെ 9.30 ന് ജപമാലപ്രാർത്ഥനയോടെ ആരംഭിച്ച ശുശ്രൂഷകൾ 11.30 നുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. രോഗികൾക്കു കുമ്പസാരത്തിനു പ്രത്യേകസൗകര്യവും, കൈവയ്പുശുശ്രൂഷയും, ദിവ്യകാരുണ്യആരാധനയും ഉണ്ടായിരുന്നു. റവ.ഡോ. ജോർജ് കാരാംവേലിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ചാപ്പൽ വെഞ്ചരിപ്പ്**

തീർത്ഥാടനകേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച പ്രൈവറ്റ് ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം പാലാ രൂപത മുഖ്യവികാരി ജനറാൾ റവ. ഡോ. ജോസഫ് തടത്തിൽ നിർവഹിച്ചു. പാലാ രൂപത ചാൻസലർ റവ.ഫാ. ജോസഫ് കുറ്റിയാങ്കൽ, FCC ഭരണങ്ങാനം അൽഫോൻസാ ജ്യോതിപ്രൊവിൻഷ്യാൾ റവ. സി. ജെസി മരിയ ഓലിക്കൽ, തീർത്ഥാടനകേന്ദ്രത്തിലെ വൈദികർ, വോളണ്ടിയേഴ്സ്, ഇടവകാംഗങ്ങൾ തുടങ്ങിയവർവെഞ്ചരിപ്പുകർമ്മത്തിൽ സംബന്ധിച്ചു.

**പന്തക്കുസ്താദിനാഘോഷം**

അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ പന്തക്കുസ്താത്തിരുനാളിനോടനുബന്ധിച്ച് കുട്ടികളുടെ ആദ്യാക്ഷരം കുറിക്കൽ നടന്നു. രാവിലെ 8 മണിക്ക് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ആദ്യാക്ഷരം കുറിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. രാവിലെ 8 മുതൽ വൈകിട്ട് 6 മണിവരെ തുടർച്ചയായി കുട്ടികൾക്ക് ആദ്യാക്ഷരംകുറിക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. 400 ഓളം കുട്ടികൾ ആദ്യാക്ഷരം കുറിക്കാനായി എത്തിയിരുന്നു.

**വിദ്യാലയവർഷാരംഭപ്രാർത്ഥന**

മേയ് 27 ബുധനാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ വിദ്യാലയവർഷാരംഭപ്രാർത്ഥനനടത്തി. രാവിലെ 9.30 ന് ആരംഭിച്ച ശുശ്രൂഷകൾ ഉച്ചയ്ക്ക് 11.30 നുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. വിദ്യാർത്ഥികൾക്കായി കുമ്പസാരവും കൈവയ്പ്ശുശ്രൂഷയും ദിവ്യകാരുണ്യആരാധനയും നടത്തി. ഫാ. ആൻറണി തോണക്കര ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**സെന്റ് തോമസ് മിഷനറി സൊസൈറ്റി വൈദികരുടെ സന്ദർശനം**

മേയ് 14 ന് സാഗർ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജെയിംസ് അത്തിക്കളത്തിന്റെ മുഖ്യകാർമികത്വത്തിൽ MST സഭയിലെ 35 വൈദികർ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

മേയ് 22 ന് രാവിലെ ഫാ. ജോസ് തെക്കേക്കരോട്ട് MST വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. MST സഭയിലെ 77 വൈദികവിദ്യാർഥികളും വിശുദ്ധകുർബാനയിൽ സംബന്ധിച്ചു.

**കപ്പുച്ചിൻവൈദികരുടെ സന്ദർശനം**

കപ്പൂച്ചിൻ കോട്ടയം സെന്റ് ജോസഫ് പ്രൊവിൻസിലെ 165 വൈദികർ മേയ് 19 വൈകിട്ട് 5 മണിക്ക് വിശുദ്ധ അൽഫോൻസാമ്മയുടെ കബറടത്തിങ്കൽ എത്തി വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. സെന്റ് ജോസഫ് പ്രൊവിൻസിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ ടീം അംഗങ്ങൾ വിശുദ്ധ കുർബാനമധ്യേ സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേൽക്കുകയും ചെയ്തു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി മേയ് 3 ഞായറാഴ്ച ഒരു മണിക്ക് വിശുദ്ധകുർബാനയും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**രാത്രി ആരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ മേയ് 30 ശനിയാഴ്ച രാത്രിയാരാധന നടത്തപ്പെട്ടു. രാത്രി 7:00 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ളവിശുദ്ധ കുർബാനയോടെ സമാപിച്ചു. ഫാ. ക്രിസ്റ്റി മേടയിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**പുതിയ വിശ്വാസപരിശീലനവർഷാരംഭം 2026-2027**

പുതിയ വിശ്വാസപരിശീലനവർഷം(2026 - 2027) മേയ് 31 ഞായറാഴ്ച ആരംഭിച്ചു. ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ പ്രവേശനവും ഇതര കുട്ടികളുടെ ക്ലാസ് കയറ്റവും ഇതര വർഷാരംഭപ്രവർത്തനങ്ങളും എല്ലാ ഇടവകകളിലും നടത്തപ്പെട്ടു.

**പ്രഥമാധ്യാപകസമ്മേളനം**

2026-27 അധ്യയനവർഷത്തെ പ്രഥമാധ്യാപകരുടെ സമ്മേളനം മേയ് 30, ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു. മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**CTP കോഴ്സ് 2026 - 2027**

2026 -2027 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സ് ജൂൺ 13 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ ആരംഭിക്കുന്നതാണ്. പുതിയ വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

**CTP**

13 JUNE 2026 - Catechism in the present scenario- Dr. Alex Kavukattu

**പ്രതിഭാസംഗമം**

മേയ് 7,8,9 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന ഏഴാം ക്ലാസ്സിലെ കുട്ടികളുടെ സഭാതലപ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ജെസ്‌വിൻ തെരുവത്ത് (നീറന്താനം), ജൊവാൻ കൊച്ചുതൊട്ടിയിൽ (കുറവിലങ്ങാട്), കൃപ പൊറ്റമ്മേൽ (നസ്രത്ത് ഹിൽ, കുറവിലങ്ങാട്), അഭിയ ചാലിൽ (ഭരണങ്ങാനം) എന്നിവർ പങ്കെടുത്തു. നമ്മുടെ രൂപതയിൽനിന്നു പങ്കെടുത്ത കൃപ മരിയ ബോബി പൊറ്റമ്മേൽ (നസ്രത്ത്ഹിൽ, കുറവിലങ്ങാട്), വിജയികളായ 10 പ്രതിഭകളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു.

**സ്കോളർഷിപ്പ് പരീക്ഷ**

2026 മേയ് 24-ാം തീയതി ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ അരുവിത്തുറ, കുറവിലങ്ങാട്, പാലാ, തുടങ്ങനാട് എന്നീ കേന്ദ്രങ്ങളിലായി 1325 കുട്ടികൾ 2025-2026 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷ എഴുതി.

**സേ പരീക്ഷ**

2025-26 വർഷത്തെ വാർഷികപ്പരീക്ഷയിൽ വിജയിക്കാത്തവർക്കും ന്യായമായ കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കുമായി

2026 മേയ് 17 ഞായറാഴ്ച രാവിലെ 11 മുതൽ 1 വരെയുള്ള സമയത്ത് സേ പരീക്ഷ നടത്തപ്പെട്ടു. ചോദ്യപ്പേപ്പറുകൾ 16 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നു വിതരണം ചെയ്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**എക്സിക്യൂട്ടീവ് മീറ്റിങ്**

സിഎംൽ പാലാ രൂപത എക്സിക്യൂട്ടീവ് മീറ്റിങ് മേയ് 3 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപെട്ടു. രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**മേഖലസന്ദർശനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ മേഖലസന്ദർശനങ്ങൾ നടന്നു.അരുവിത്തുറ, കുറവിലങ്ങാട്, കടനാട്, മുട്ടുചിറ മേഖലകളാണ് മേയ് മാസത്തിൽ രൂപതാസമിതി സന്ദർശിച്ചത്.

**ഹെഡ്മാസ്റ്റേഴ്സ് സംഗമം**

മേയ് 30 ന് മാതൃഭവനിൽ വച്ചു നടന്ന സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗത്തിൽ രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് മിഷൻ ലീഗ്പ്രവർത്തനങ്ങളെക്കുറിച്ചു സംസാരിച്ചു.

**വിചിന്തനക്യാമ്പ്**

പാലാ രൂപതയിലെ ഒമ്പതാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്കായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്ന വിചിന്തനം ക്യാമ്പിൽ രൂപത മിഷൻ ലീഗ് എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്ത് നേതൃത്വം നൽകി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിങ്**

മേയ് 1 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 3 മണിമുതൽ 4.30 വരെ ടീച്ചേഴ്സ് ആന്റ് സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. മേയ് 11,12,14,15 തീയതികളിലായി നടക്കുന്ന അവധിക്കാല ക്യാമ്പിനെക്കുറിച്ചു ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു. ഡയറക്ടർ

ജോർജ്ജ് പുല്ലുകാലായിലച്ചനും അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്തച്ചനും മീറ്റിങ്ങിനു നേതൃത്വം കൊടുത്തു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു.

**അനുമോദനം അർപ്പിച്ചു**

കെ.സി.എസ്.എൽ സ്റ്റേറ്റ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഐവിൻ ഷെറിൻ തയ്യിലിനെ ടീച്ചേഴ്സ് ആൻഡ് സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങൾ അനുമോദനം അറിയിച്ചു.

**കെ.സി.എസ്.എൽ അവധിക്കാല ക്യാമ്പ് (Ad Astra)**

മേയ് 11, 12, 14, 15 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ച് കെ.സി.എസ്.എൽ അവധിക്കാലക്യാമ്പ് നടന്നു. 11,12 തീയതികളിലായി ഹൈസ്കൂൾ, ഹയർസെക്കൻഡറി കുട്ടികൾക്കും 14,15 തീയതികളിലായി യു.പി. കുട്ടികൾക്കുമാണ് ക്യാമ്പ് നടന്നത്. സീനിയേഴ്സ് ക്യാമ്പിൽ 77 കുട്ടികളും ജൂനിയേഴ്സ് ക്യാമ്പിൽ 116 കുട്ടികളും പങ്കെടുത്തു. ജോസ് ജി. ജെയിംസ്, ജിജോമോൻ തോമസ്, സിജോ സാർ എന്നിവർ കുട്ടികൾക്കു ക്ലാസ്സ് എടുത്തു.

**വിതരണം ചെയ്തു**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്കൂളുകളിലെ കുട്ടികൾക്ക് നോട്ട് ബുക്ക്, പേന, പെൻസിൽ തുടങ്ങിയവ വിതരണം ചെയ്തു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസി. ഡയറക്ടർ)

## എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**1. ഇടം - ഫൊറോന സന്ദർശനങ്ങൾ**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ഫൊറോനാസന്ദർശനങ്ങൾ പൂർത്തിയായി. ഏപ്രിൽ 19-ാം തീയതി മുതൽ മേയ് 17-ാം തീയതി വരെ രൂപതയിലെ 20 ഫൊറോനയിലും സന്ദർശനം നടത്തി. കൊഴുവനാൽ, തീക്കോയി, പാലാ കുറവിലങ്ങാട്, കടനാട്, തുടങ്ങനാട്, കൂട്ടിക്കൽ, കോതനല്ലൂർ, ചേർപ്പുങ്കൽ, മുട്ടുചിറ, കടുത്തുരുത്തി, കടപ്ലാമറ്റം ,അരുവിത്തുറ, പൂഞ്ഞാർ, രാമപുരം, ഭരണങ്ങാനം, പ്രവിത്താനം, കൂത്താട്ടുകുളം, മൂലമറ്റം, ഇലത്തി ഫൊറോനകളിൽ സന്ദർശനങ്ങൾ നടത്തുകയും നേതൃത്വപരിശീലനക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു.

**2. ഇന്റർ ഡയോസിഷൻ യൂത്ത് ലീഡേഴ്സ് മീറ്റ്**

സമുദായശക്തീകരണവർഷത്തിൽ ചങ്ങനാശ്ശേരി അതിരൂപത, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ യുവജന നേതാക്കന്മാരുടെ മീറ്റിങ്

ഏപ്രിൽ 26 -ാം തീയതി ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽ വച്ച് നടത്തപ്പെട്ടു. മീറ്റിങ്ങിൽ പാലാ രൂപതയിലെ നേതാക്കന്മാർ പങ്കെടുത്തു. ഇൻറർ ഡയോസിഷ്യൻ സെക്രട്ടറിയായി പാലാ രൂപത സിൻഡിക്കേറ്റംഗവും കൊഴുവനാൽ ഫൊറോനയിലെ അൽഫോൻസാഗിരി ഇടവകാംഗവുമായ മഞ്ജു തോമസ് തിരഞ്ഞെടുക്കപ്പെട്ടു.

**3. YATP 33 -ാം ബാച്ച് ആരംഭിച്ചു**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2026 പ്രവർത്തനവർഷത്തിലെ നേതൃത്വപരിശീലനക്യാമ്പ് YATP യുടെ 33-ാം ബാച്ച് മേയ് 1 ശനിയാഴ്ച അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ചു. വൈ.എ.റ്റി.പി സ്ഥാപകനും കൊഴുവനാൽ ഫൊറോനാവികാരിയുമായ റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്ത്, യുവജനങ്ങളുടെ നേതൃപാടവം വളർത്തുന്നതിൽ ഇത്തരം പരിശീലനങ്ങളുടെ പ്രാധാന്യം എടുത്തുപറഞ്ഞു. രൂപത പ്രസിഡന്റ് മിജോ ജോയി കുന്നത്താനിയേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി സോനാ മാത്യു സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രഭാഷണം നടത്തി. വൈ.എ.റ്റി.പി കോർഡിനേറ്റർ ജോസ് ചാൾസ് കാരയ്ക്കാട്ട് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രൂപത വൈസ് പ്രസിഡന്റ് റേച്ചൽ മേരി ചാൾസ് നന്ദി അർപ്പിച്ചു. പാലാ രൂപതയുടെ വിവിധ ഇടവകകളിൽനിന്നായി നിരവധി യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്. നേതൃത്വം, വിശ്വാസം, സാമൂഹികപ്രതിബദ്ധത എന്നിവയിൽ കേന്ദ്രീകരിച്ചുള്ള സെഷനുകളാണ് ക്യാമ്പിന്റെ ഭാഗമായി നടക്കുന്നത്.

**4. പ്രാർത്ഥനാശംസകൾ**

മേൽപ്പട്ടശുശ്രൂഷയുടെ 22 വർഷങ്ങൾ പൂർത്തിയാക്കിയ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന് യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ നേർന്നു.

**5. ആദരാഞ്ജലികൾ**

അഖിലേന്ത്യയുടെ വലിയ മല്പാൻ കൂനമ്മാക്കൽ തോമ്മാ കത്തനാർക്ക് യുവജനപ്രസ്ഥാനത്തിന്റെ ആദരാഞ്ജലികൾ നേർന്നു.

**6. ഏകദിനസെമിനാർ നടത്തപ്പെട്ടു**

പാലാ അൽഫോൻസാ കോളേജിന്റെയും എസ്.എം.വൈ.എം പാലായുടെയും ആഭിമുഖ്യത്തിൽ മേയ് 13-ാം തീയതി പ്ലസ്ടു കഴിഞ്ഞ പെൺകുട്ടികൾക്കായി ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും ഏകദിനസെമിനാർ നടത്തപ്പെട്ടു.

**7. പ്രതിഷേധം**

നീറ്റ് ചോദ്യപ്പേപ്പർ ചോർച്ച അനാസ്ഥയ്ക്കെതിരായി പാലാ രൂപത യുവജനപ്രസ്ഥാനം പ്രതിഷേധം അറിയിച്ചു. ചോദ്യപ്പേപ്പർ ചോർച്ചയിൽ ഉത്തരവാദികളായവർക്കെതിരേ കർശനനടപടികൾ സ്വീകരിക്കണമെന്നു കെ.സി.വൈ.എം. ആവശ്യപ്പെട്ടു.

**8. അഭിനന്ദനങ്ങൾ**

2025–26 വർഷത്തെ SSLC പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ നേർന്നു.

**9. പ്രതിഷേധം അറിയിച്ചു**

ക്രൈസ്തവർ അതിപാവനമായി കരുതുന്ന ഈശോയുടെ അന്ത്യത്താഴചിത്രത്തെ രാഷ്ട്രീയനേട്ടങ്ങൾക്കായി വികലമായി ചിത്രീകരിച്ച ടൈംസ് ഓഫ് ഇന്ത്യ പത്രത്തിനെതിരേ പാലാ രൂപത യുവജനങ്ങൾ ശക്തമായി പ്രതിഷേധിച്ചു.

**10. ഫുട്ബോൾ ടൂർണ്ണമെന്റ്**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ 9 S 2026 (SPL 2K26) ഫുട്ബോൾ ടൂർണ്ണമെന്റ് മേയ് 15, 16, 17 തീയതികളിലായി കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഗ്രൗണ്ടിൽ വച്ച് കടുത്തുരുത്തി ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ടൂർണമെന്റിൽ റണ്ണേഴ്സ് അപ് ആയി തുടങ്ങനാട്, കാഞ്ഞിരത്താനം യൂണിറ്റുകളും ചാമ്പ്യന്മാരായി സേവ്യർപുരം, കോതനല്ലൂർ യൂണിറ്റുകളും ജേതാക്കളായി.

**11. Amoris Laetitia 4.0**

എസ്.എം.വൈ.എം അരുവിത്തുറ യൂണിറ്റിന്റെ നേതൃത്വത്തിൽ എസ്.എം.വൈ.എം. ഗ്ലോബൽ, എസ്.എം.വൈ.എം. കേരള റീജിയൻ, എസ്.എം.വൈ.എം. പാലാരൂപത എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അരുവിത്തറ യൂണിറ്റിൽ വച്ച് Amoris Laetitia 4.0 മേയ് 25, 26, 27 തീയതികളിലായി നടത്തി.

**12. YATP രണ്ടാമത്തെ സെഷൻ നടത്തപ്പെട്ടു**

**YATP** 33–ാം ബാച്ചിന്റെ രണ്ടാമത്തെ സെഷൻ മേയ് 27–ാം തീയതി അൽഫോൻസാഗിരി യൂണിറ്റിൽ വച്ചു നടത്തപ്പെട്ടു. അൽഫോൻസാഗിരി ഇടവകവികാരി ബഹു. ഫാ. ജോൺ കുറ്റാരപ്പള്ളി, ദീപിക കോർഡിനേറ്റർ ബഹു. ഫാ ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ഒഡീഷ മിഷൻ**

ഈശോയുടെ സ്നേഹത്തിൽ കൂടുതൽ ആഴപ്പെടാനും തങ്ങൾ അറിഞ്ഞ ഈശോയെ മറ്റുള്ളവർക്കു പങ്കുവയ്ക്കാനുമായി പാലാ സോൺ മിഷൻ ടീമിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് അംഗങ്ങൾ ഒഡീഷ മിഷനിലേക്കു യാത്രയായി. മേയ് 11 മുതൽ 19 വരെ നടന്ന ഈ മിഷനിൽ പ്ലാശനാൽ ഇടവകയിലെ SMYM അംഗങ്ങളും പങ്കുചേർന്നു. പ്ലാശനാൽ ഇടവക അസി. വികാരി ഫാ. ഐവിൻ വെട്ടുകല്ലുംപുറത്ത്, ഫാ. മനു MST, ബ്ര. ഡൊമിനിക് MST, സി. ജോസ്‌ലിൻ എന്നിവരുടെ നേതൃത്വത്തിൽ പുറപ്പെട്ട ടീം, അവിടെയുള്ള ഫാ. അജയുടെ നേതൃത്വത്തിൽ ഒഡീഷയിലെ വിവിധ ഗ്രാമങ്ങൾ സന്ദർശിക്കുകയും അവിടുത്തെ ജനങ്ങളുമായി സ്നേഹവും വിശ്വാസവും പങ്കിടുകയും ചെയ്തു. മറ്റുള്ളവർ പറഞ്ഞു കേട്ട അനുഭവങ്ങളുടെയും ഓർമ്മകളുടെയും ഇടയിൽനിന്ന് യാഥാർത്ഥ്യത്തിലേക്കുള്ള ഒരു ആത്മീയയാത്രയായിരുന്നു ഒഡീഷ മിഷൻ. കേട്ടറിഞ്ഞ മിഷനെ നേരിട്ട് അനുഭവിച്ചറിഞ്ഞ കുറച്ചു ദിവസങ്ങൾ ഓരോരുത്തരുടെയും വിശ്വാസജീവിതത്തിൽ മറക്കാനാവാത്ത അനുഭവമായി മാറി.

**കാക്കൊമ്പ് ഇടവക പ്രോഗ്രാം**

കാക്കൊമ്പ് സെന്റ് മേരീസ് ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി മേയ് 10-ാം തീയതി ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. വികാരി ഫാ. സെബാസ്റ്റ്യൻ കുമ്പുളുമൂട്ടിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രോഗ്രാമിൽ 50 കുട്ടികൾ പങ്കെടുത്തു.

**HIDE & SEEK**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പഠനരംഗത്ത് പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ മിഷൻ ടീം ആരംഭിച്ച ഓൺലൈൻ പദ്ധതിയാണ് HIDE & SEEK. ജീസസ് യൂത്തിലെ അധ്യാപകരുടെ സഹകരണത്തോടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസസഹായം, വിഷയങ്ങളിൽ വ്യക്തത ലഭിക്കാനുള്ള മാർഗനിർദേശം, പഠനത്തിൽ ആത്മവിശ്വാസം വർധിപ്പിക്കുന്ന പിന്തുണ എന്നിവ നൽകിവരുന്നു.

**English Choir**

പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ Syro Malabar English Mass നുവേണ്ടിയുള്ള സംഗീതപരിശീലനം ഉച്ചയ്ക്ക് 1.45 ന് ആരംഭിക്കുകയും തുടർന്ന് 2.45 ന് ഇംഗ്ലീഷ് വിശുദ്ധ

കുർബാന നടത്തപ്പെടുകയും ചെയ്യുന്നു. ശുശ്രൂഷയിലൂടെ ദൈവത്തെ മഹത്ത്വപ്പെടുത്താനും യുവജനങ്ങളുടെ സംഗീതാഭിരുചി വളർത്തുവാനും ഈ ശുശ്രൂഷ സഹായകമാകുന്നു.

**ഫോർ മൈ ഫ്രണ്ട്**

പുതിയ അധ്യയനവർഷത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുവാനായി ജീസസ് യൂത്ത് ടിൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫോർ മൈ ഫ്രണ്ട് എന്ന പേരിൽ ബാഗ്, യൂണിഫോം, കുട, നോട്ട് ബുക്ക് എന്നിവ വാങ്ങി നൽകുന്നതിനായി ജീസസ് യൂത്ത് അംഗങ്ങളിൽനിന്നു ധനസമാഹരണം നടത്തുന്നു

**AVIV**

ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മേയ് 9, രണ്ടാം ശനിയാഴ്ച കണ്ണാടിയുറുമ്പ് മേരി മാതാ സ്കൂളിൽ വെച്ച് AVIV എന്ന പേരിൽ സ്കൂൾകുട്ടികൾക്കായി ഗാതറിങ് നടത്തപ്പെട്ടു. ബ്ലൂമിങ് റോസസിനുശേഷം നടത്തപ്പെട്ട ഈ പ്രോഗ്രാമിൽ ഏറെ ആവേശത്തോടെയാണ് കുട്ടികൾ പങ്കുചേർന്നത്. 85 ലധികം കുട്ടികൾ പങ്കെടുത്തു.

**ACT SIXTEEN**

എല്ലാ ഞായറാഴ്ചയും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്രൈനിൽ വച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN' എന്ന പേരിൽ ഒരു മണിക്കൂർ ദൈർഘ്യമുള്ള Praise & Worship ശുശ്രൂഷ നടത്തിവരുന്നു. ഗാനങ്ങളിലൂടെയും ആരാധനയിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവസാന്നിധ്യം അനുഭവിക്കാനുള്ള അവസരമായി ഈ ശുശ്രൂഷ മാറിക്കൊണ്ടിരിക്കുന്നു.

**ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചു ചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി എല്ലാ ശനിയാഴ്ചയും രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിലൂടെ ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ് നടത്തിവരുന്നു. മേയ്മാസത്തിലെ കൂട്ടായ്മയിൽ ഫാ. ബിബിൻ താരെപറമ്പിൽ, ഫാ. അമൽ കപ്പുച്ചിൻ, ബീന മനോജ്, ഫാ. കരോൾ CMI എന്നിവർ ക്ഷണം സ്വീകരിച്ച് എത്തിച്ചേരുകയും സംഗീതത്തിന്റെ വിവിധ മേഖലകളെക്കുറിച്ചുള്ള ആത്മീയ പങ്കുവയ്പുകൾ നടത്തുകയും ചെയ്തു.

**Sing 4 Jesus**

പുതിയ ക്രിസ്തീയഗാനങ്ങൾ പഠിക്കുന്നതിനും സംഗീതാഭിരുചിയുള്ളവരുടെ കഴിവുകൾ വർധിപ്പിക്കുന്നതിനുമായി 'sing 4 Jesus ' എന്ന

വാട്സ്ആപ്പ് ഗ്രൂപ്പ് നിർമ്മിക്കുകയും എല്ലാ ദിവസവും ഗാനങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കു ശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ ബുധനാഴ്ചക്കൂട്ടായ്മ നടത്തിവരുന്നു. പ്രാർത്ഥന, വചനംപങ്കിടൽ, ഗാനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ എന്നിവയിലൂടെ യുവജനങ്ങളെ ഈശോയുടെ സ്നേഹത്തിലേക്കു കൂടുതൽ അടുപ്പിക്കാൻ ഈ കൂട്ടായ്മ സഹായിക്കുന്നു. ആത്മീയവളർച്ചയ്ക്കും വിശ്വാസജീവിതത്തിലെ സ്ഥിരതയ്ക്കും ഈ കൂട്ടായ്മ വലിയ അനുഗ്രഹമായി മാറുന്നുണ്ട്.

**ഹൗസ്ഹോൾഡ്**

മേയ് 3 ഞായറാഴ്ച പാലാ, അരുവിത്തുറ, കടുത്തുരുത്തി, കുറവിലങ്ങാട് എന്നിവിടങ്ങളിലായി ഹൗസ് ഹോൾഡുകൾ സംഘടിപ്പിച്ചു. ജീസസ് യൂത്തിലെ പ്രാർത്ഥന ജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹൗസ് ഹോൾഡുകൾ സഹായകമായി.

**ഫാമിലി റിട്രീറ്റ്**

ജീസസ് യൂത്ത് ഫാമിലി സ്ട്രീമിന്റെ നേതൃത്വത്തിൽ ഏപ്രിൽ 30 ന് വൈകുന്നേരം 6.00 മുതൽ മേയ് 3 വൈകുന്നേരം 4 മണി വരെ ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് ഫാമിലി റിട്രീറ്റ് നടത്തപ്പെട്ടു.

**മധ്യസ്ഥപ്രാർത്ഥന**

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ചു പ്രാർത്ഥിക്കായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തിവരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പാലാ സോൺ ഒന്നിച്ച് വിവിധ നിയോഗങ്ങൾക്കും ശുശ്രൂഷകൾക്കും കുടുംബങ്ങൾക്കും യുവജനങ്ങൾക്കുംവേണ്ടി സമർപ്പിച്ചു നടത്തുന്ന ഈ പ്രാർത്ഥന നിരവധി ആളുകൾക്ക് അനുഗ്രഹമാകുന്നുണ്ട്.

**അനുദിനവിശുദ്ധർ**

വിശുദ്ധരാകാനും വിശുദ്ധിയിൽ വളരാനും അനേകരെ പ്രചോദിപ്പിക്കുവാൻ ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ EVERYDAY SAINTS എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ നടന്നുപോകുന്നു. പല പേരുകളിൽ, പല ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച സഭയുടെ വിശുദ്ധരെ ഓരോ ദിവസവും അടുത്ത് അറിയുവാനും അവരുമായുള്ള സൗഹൃദത്തിൽ ഈ കാലഘട്ടത്തിന്റെ വിശുദ്ധരായി മാറുവാനുമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

**ഫിലിപ്പ് കോഴ്സ്**

ജീസസ് യൂത്ത് യാത്രയിൽ ഫോർമേഷൻ കോഴ്സുകൾ ഏറെ നിർണായകമാണ്. 2026 മേയ് 15 മുതൽ 17 വരെ തീയതികളിലായി രാമപുരം വളക്കാട്ടുകുന്ന് അൽഫോൻസാ റിന്യൂവൽ സെന്ററിൽ വെച്ച് ജീസസ് യൂത്ത് ഫോർമേഷന്റെ ആദ്യപടിയായ ഫിലിപ്പ് കോഴ്സ് നടത്തപ്പെടുകയും 55 പേർ കോഴ്സിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

1) 5/5/2026: കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമിന്റെ വാർഡ് തല ക്ലാസുകൾ മാവടി സെന്ററ് സെബാസ്റ്റ്യൻസ് ഇടവകയിൽ നടന്നു. വികാരി റവ. ഫാ. ജോർജ് അമ്പഴത്തിനാലിന്റെ പ്രാർത്ഥനാശീർവാദത്തോടെ 12 വാർഡുകളിലും ക്ലാസുകൾ നടന്നു.

2) 10/5/2026: ബൈബിൾ വചനപഠനപരമ്പരയുടെ ഫൊറോനാതല മത്സരങ്ങൾ വിവിധ ഫൊറോനാകേന്ദ്രങ്ങളിൽ നടന്നു. രൂപതാ റിസോഴ്സ് ടീമംഗങ്ങൾ മത്സരത്തിനു നേതൃത്വം നൽകി.

3) 17/5/2026: ജീവമന്ന രൂപതതല മത്സരങ്ങളുടെ ആദ്യഘട്ടം പാലാ സെന്റ് മേരീസ് പഴയ പള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. ഫൊറോനാതല മത്സരങ്ങളിൽ വിജയിച്ച 100 ടീമുകളാണ് പങ്കെടുത്തത്. ളാലം പഴയപള്ളി വികാരി റവ.ഫാ.ജോസഫ് തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുടുംബക്കൂട്ടായ്മ രൂപത ഡയറക്ടർ റവ.ഫാ. ജോസഫ് അരിമറ്റത്ത് ക്വിസ് പ്രോഗ്രാം നയിച്ചു. ഫാ. ജീമോൻ പനച്ചിക്കൽകരോട്ട് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. കുടുംബക്കൂട്ടായ്മ അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത്, ജീവമന്ന പ്രോഗ്രാം കൺവീനർമാരായ സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ, ബാബു പോൾ പെരിയപ്പുറം, ഷിജു വെള്ളപ്ലാക്കിൽ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി.

4) 21/5/2026: കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഡയറക്ടർ റവ.ഫാ.ജോസഫ് അരിമറ്റത്ത് അധ്യക്ഷത വഹിച്ചു. 26/5/2026 ലെ ഗ്രാൻഡ്ഫിനാലെയെക്കുറിച്ചു ചർച്ച ചെയ്തു.

5) 22/5/2026: കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിലിന്റെയും റിസോഴ്സ് ടീമിന്റെയും സംയുക്തയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ജീവമന്ന ഗ്രാൻഡ്ഫിനാലെയെയും മഹാസംഗമത്തെയും കുറിച്ച് ചർച്ച

ചെയ്തു. വിവിധ കമ്മിറ്റികൾക്കു രൂപംനൽകി. റവ.ഫാ.ജോസഫ് അരിമറ്റത്ത്, ഫാ. പോൾ കുന്നുംപുറത്ത് തുടങ്ങിയവർ സംസാരിച്ചു.

6) 24/5/2026: വയലാ സെന്റ് ജോർജ് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ യോഗം അസി. വികാരി റവ.ഫാ. ആൽബിൻ പുതുപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്നു. സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ ക്ലാസ് നയിച്ചു.

6) ജീവമന്ന സീസൺ 1 ന്റെ ഗ്രാൻഡ് ഫിനാലെ മേയ് 26 ചൊവ്വാ 2 pm ന് പാലാ സെന്റ് തോമസ് കത്തീദ്രൽ ഹാളിൽ നടന്നു. രൂപതാതലത്തിൽ നടന്ന ആദ്യഘട്ടമത്സരത്തിൽ ആദ്യ അഞ്ചു സ്ഥാനങ്ങൾ കരസ്ഥമാക്കിയ ടീമുകൾ ഗ്രാൻഡ് ഫിനാലെയിൽ മത്സരിച്ചു. റവ.ഫാ.ജോസഫ് അരിമറ്റത്ത് ക്വിസ് പ്രോഗ്രാമിനു നേതൃത്വം നൽകി. ഫാ.പോൾ കുന്നുംപുറത്ത്, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു.

7) 27/6/2026: പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ബൈബിൾ വചനപഠനപരമ്പര 'ജീവമന്ന' സീസൺ 1 ന് പ്രൗഢോജ്ജ്വല സമാപ്തി. സീസൺ 1 ന്റെ ഇടവക, ഫൊറോന, രൂപതാതല മത്സരവിജയികളെ പങ്കെടുപ്പിച്ചു നടത്തിയ സംഗമം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ 'ജീവമന്ന' സീസൺ രണ്ടിന്റെ ഔദ്യോഗിക പ്രഖ്യാപനവും സമ്മാനദാനവും മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. സങ്കീർത്തനം 119 മുഴുവനായും കാണാതെ പഠിച്ചെഴുതിയ 65 കുട്ടികളെ ക്യാഷ് അവാർഡും മെമെന്റോയും നൽകി ചടങ്ങിൽ പ്രത്യേകം ആദരിച്ചു. വിവിധ വിഭാഗങ്ങളിലായി ആയിരത്തിയഞ്ഞൂറോളം സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.

കുടുംബക്കൂട്ടായ്മ രൂപതാപ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രൂപതാഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത്, അസി. ഡയറക്ടർ ഫാ. പോൾ കുന്നംപുറത്ത്, ജീവമന്ന പ്രോഗ്രാം ചെയർമാൻ സണ്ണി തോമസ് ഇടിമണ്ണിക്കൽ, ഡോ. റൂബിൾ രാജ്, ചലച്ചിത്രതാരം സിജോയ് വർഗീസ്, ബാബു ഇടിമണ്ണിക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

രൂപത കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ രൂപത പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ബൈബിൾ വചന പഠനപരമ്പര ജീവമന്ന സീസൺ ഒന്നിന്റെ രൂപതതലമത്സരത്തിലെ ആദ്യ അഞ്ചു സ്ഥാനങ്ങൾ കരസ്ഥമാക്കിയ ടീമുകളെ പങ്കെടുപ്പിച്ചു നടത്തിയ ഗ്രാൻഡ് ഫിനാലെയിൽ ഒന്നാം സ്ഥാനം ദീപ റോജൻ - അനിയ റോജൻ കാട്ടാറത്ത്, പൂഞ്ഞാർ ടീമും, രണ്ടാം സ്ഥാനം അന്ന സജി - മനു സജി പാറമ്പുഴ, ചേർപ്പുങ്കൽ

ടീമും, മൂന്നാം സ്ഥാനം എൽസി തോമസ് – ഗ്രീഷ്മ മെറിൻ തോമസ് കണ്ണന്താനം, കാക്കൂർ ടീമും കരസ്ഥമാക്കി. വിജയികൾക്ക് യഥാക്രമം 25000/, 15000/, 10000/ രൂപ വീതം ക്യാഷ് അവാർഡും മൊമെന്റോയും സമ്മാനിച്ചു. നാലാം സ്ഥാനം നേടിയ കാർലോ സന്തോഷ് – മീവൽ സന്തോഷ് കോടമുള്ളിൽ മുട്ടം സിബിഗിരി ടീമിന് 5000 രൂപയും അഞ്ചാം സ്ഥാനം നേടിയ ഷൈൻ റോബി – മരിയ ഇമ്മാനുവൽ കരിയാപുരയിടം ടീമിന് 3000 രൂപയും സമ്മാനിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

മേയ് 8–10, 22–24 തീയതിലെ വിവാഹ ഒരുക്ക സെമിനാറിൽ 224 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

ജൂൺ 12–14, 26–28, ജൂലൈ 24–26, ഓഗസ്റ്റ് 7–9, 28–30 എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

മേയ് മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ പ്രൊഫ. അലക്സ് കാവുകാട്ട്, ഫാമിലി അപ്പോ സ്തലേറ്റ് അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ എന്നിവർ ക്ലാസ്സെടുത്തു. 406 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. വെഞ്ചരിപ്പ്**

മേയ് 15–ാം തീയതി വൈകുന്നേരം 4.30 ന് നവീകരിച്ച ഷലോം അജപാലനകേന്ദ്രത്തിന്റെ വെഞ്ചരിപ്പു കർമ്മത്തോടനുബന്ധിച്ച് ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസുകളും നവീകരിച്ച സ്റ്റോർ റൂമും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് വെഞ്ചരിച്ചു.

**B. പിതൃവേദി**

**1. ജപമാലപ്രാർത്ഥനയജ്ഞം**

മേയ് 8–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് പിതൃവേദി കൂത്താട്ടുകുളം മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ജപമാലപ്രാർ ത്ഥനയജ്ഞത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറ ക്ടർ റവ.ഫാ.മാത്യു കാടൻകാവിൽ ആശംസകൾ അറിയിച്ച് സംസാരിക്കു

കയും തുടർന്ന് ഫൊറോനയിലെ മുഴുവൻ പള്ളികളിലേക്കും നടത്തപ്പെട്ട ജപമാലപ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു.

**2. മെഡിക്കൽ ക്യാമ്പ്**

മേയ് 17–ാം തീയതി ഞായറാഴ്ച രാവിലെ 9.30 ന് കൂട്ടിക്കൽ ഫൊറോനാപള്ളി പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട മെഡിക്കൽ ക്യാമ്പും ക്യാൻസർ ബോധവത്കരണക്ലാസ്സും പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**3. രൂപത സമിതി**

മേയ് 9–ാം തീയതി ഉച്ചകഴിഞ്ഞ് ഷലേം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി പ്രസിഡന്റ് ജോസ് മുത്തനാട്ടിന്റെ അധ്യക്ഷതയിൽ രൂപതാസമിതി കൂടുകയും ഡയറക്ടർ റവ. ഫാ.ജോസഫ് നരിതൂക്കിൽ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്ത് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. രൂപതസമിതി അംഗങ്ങളെല്ലാവരും മീറ്റിങ്ങിൽ പങ്കെടുത്തു.

**4. വാർഷികസമ്മേളനം**

മേയ് 24–ാം തീയതി 6 മണിക്ക് അരൂണാപുരം ഇടവകയിൽ നടത്തപ്പെട്ട പിതൃവേദിയുടെ വാർഷികസമ്മേളനത്തിലും കുടുംബസംഗമത്തിലും ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ച് സംസാരിച്ചു.

**C. മാതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

മേയ് 1–ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ തുടർമാസത്തിൽ നടത്തപ്പെടുന്ന പരിപാടികളെക്കുറിച്ചു ചർച്ച നടത്തി.

**2. രൂപതസമിതി**

മേയ് 6–ാം തീയതി രാവിലെ 10 മണിക്ക് മാതൃവേദി രൂപത സമിതി രൂപതാപ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാന്റെ അധ്യക്ഷതയിൽ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. 20 ഫൊറോനയിലെ പ്രസിഡന്റുമാർ മീറ്റിങ്ങിൽ പങ്കെടുത്തു. ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ കൂടുതൽ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു.

**3. പേപ്പർ പ്രസന്റേഷൻ**

മേയ് 13-ാം തീയതി കാഞ്ഞിരപ്പള്ളി രൂപതയുടെ എപ്പാർക്കിയൽ അസംബ്ലി മീറ്റിങ്ങിൽ വൈകുന്നേരത്തെ സെഷനായ 'കുടുംബം ഗാർഹിക സഭ' എന്ന വിഷയത്തെക്കുറിച്ച് രൂപത പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാൻ മഠത്തിൽപറമ്പിൽ പേപ്പർ പ്രസന്റേഷൻ നടത്തി.

**4. ക്ലാസ്സ്**

മേയ് 16-ാം തീയതി വേദഗിരി ഇടവകയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സമ്മേളനത്തിൽ 'മാതൃത്വത്തിന്റെ മഹനീയത' എന്ന വിഷയത്തെക്കുറിച്ച് രൂപത പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാൻ മഠത്തിൽപറമ്പിൽ അമ്മമാർക്കായി ക്ലാസ്സെടുത്തു.

**5. സന്ദർശനം**

മേയ് 19-ാം തീയതി മാതൃവേദി രൂപത എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ കോട്ടയത്തുള്ള എസ്.എച്ച് ജനറേറ്റ് സന്ദർശിക്കുകയും മാതൃവേദിയുമായി ചേർന്നു നടത്താൻ ഉദ്ദേശിക്കുന്ന ഭാവിപരിപാടികളെക്കുറിച്ച് ആലോചന നടത്തുകയും ചെയ്തു.

**D. പ്രോലൈഫ്**

**1. 11 ന്റെ നിറവിൽ**

മേയ് 12-ാം തീയതി വിളക്കുമാടം ഇടവകയിൽപെട്ട ജോസ് വല്ലനാട്ടിന്റെ 11-ാമത്തെ കുട്ടിയുടെ പ്രാരംഭകൂദാശശ്രൂശ്രൂഷയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനോടൊപ്പം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും റവ.ഫാ. മാത്യു കാടൻകാവിലും പങ്കെടുത്തു. തുടർന്ന് അസി.ഡയറക്ടർ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**E.സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർസഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിങ്**

മേയ് 22-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായിയുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ - 7306293048

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)
**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**108-ാം ജന്മദിനാഘോഷം**

കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം ജന്മദിനാഘോഷം പാലാ രൂപതയിൽ നടന്നു. 2026 മേയ് 26 ന് പൈക സെന്റ് ജോസഫ്സ് പള്ളി ഹാളിൽ കൂടിയ സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും പൈക പള്ളി വികാരി മാത്യു വാഴയ്ക്കപ്പാറ അനുഗ്രഹപ്രഭാഷണവും ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണവും നടത്തി. കൊഴുവനാൽ ഫൊറോനാവികാരി വെരി. റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, രാജേഷ് പാറയിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, സിന്ധു ജെയ്ബു തുടങ്ങിയവർ ആശംസകൾ നേർന്നു.

സമ്മേളനത്തിനുമുമ്പായി നടന്ന റാലിയിൽ നൂറുകണക്കിന് പ്രവർത്തകർ പങ്കെടുത്തു. കൊഴുവനാൽ ഫൊറോനാപ്രസിഡന്റ് എം.എ. ജോർജ് മണിയങ്ങാട്ട് റാലി ഫ്ളാഗ് ഓഫ് ചെയ്തു.

**നേതൃസംഗമം**

പാലാ രൂപതയിലെ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറിമാരുടെ ഏകദിന നേതൃസംഗമം ഭരണങ്ങാനം മാതൃഭവനിൽ നടത്തി.

വികാരി ജനറാൾ മോൺസിഞ്ഞോർ ജോസഫ് കണിയോടിക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സെമിനാർ നയിച്ചു. 2026 മേയ് 24 ഞായറാഴ്ച 8.30 ന് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച സംഗമം ഉച്ചകഴിഞ്ഞ് 3.30 ന് സമാപിച്ചു. സംഘടനയെ അറിയാൻ, സംഘടനാപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ട കാര്യങ്ങൾ പരസ്പരം ഷെയർ ചെയ്തു. ഓരോ യൂണിറ്റും ചെയ്യുന്ന കാര്യങ്ങൾ വിശദീകരിച്ചു. ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു തുടങ്ങിയവർ സംഗമത്തിനു നേതൃത്വം നൽകി.

**ഫൊറോന വാർത്തകൾ**

**മുട്ടുചിറ**

മുട്ടുചിറ ഫൊറോനാമീറ്റിങ് കാഞ്ഞിരത്താനം പള്ളി ഹാളിൽ നടത്തി. കാഞ്ഞിരത്താനം പള്ളി വികാരി ഫാ. ജെയിംസ് വയലിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫൊറോനാപ്രസിഡന്റ് രാജു അരുകുഴുപ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. അലക്സ് കാഞ്ഞിരത്തിങ്കൽ അനുഗ്രഹപ്രഭാഷണവും ജോസ് വട്ടുകുളം മുഖ്യപ്രഭാഷണവും നടത്തി. സാബു നടുവിലേക്കുറ്റ്, തോമസ് കൊച്ചുപടവിൽ തുടങ്ങിയവർ സംസാരിച്ചു.

**കടനാട്**

കടനാട് ഫൊറോനായിൽ പിഴക് ഇടവകയിൽ പിഴക് കത്തോലിക്കാ കോൺഗ്രസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 'പാലാ രൂപത പ്ലാറ്റിനം ജൂബിലിസ്മാരക കത്തോലിക്കാകോൺഗ്രസ് ഭവന'ത്തിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പിഴകു പള്ളി വികാരി ഫാ. ജോസഫ് തെക്കേൽ, ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, എം.എം. ജേക്കബ്, ജോയി കണിപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ജോസ് ജോസഫ് മലയിൽ കൺവീനറായ കമ്മിറ്റിയാണ് നിർമ്മാണപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്.

**കൂട്ടിക്കൽ**

കൂട്ടിക്കൽ യൂണിറ്റിന്റെ സമ്മേളനം രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. ജോസഫ് വടക്കേമംഗലത്ത് ആമുഖപ്രസംഗം നടത്തി. യൂണിറ്റ് പ്രസിഡന്റ് സ്വാഗതവും രൂപത ഡയറക്ടർ ആശംസയും നേർന്നു. ജോസ് വട്ടുകുളം, ബാബു തുടങ്ങിയവർ കാര്യങ്ങൾ സംസാരിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ചക്കസംഭരണത്തിന് തുടക്കമായി**

പാലാ രൂപതയുടെ കർഷകശക്തീകരണപദ്ധതിയുടെ ഭാഗമായി ചക്കയുടെയും മാങ്ങയുടെയും മൂല്യവർധിത ഉൽപന്നനിർമ്മാണത്തിനായി കർഷകരിൽനിന്ന് ചക്ക, മാങ്ങാ എന്നിവ സംഭരിക്കുന്നതിനു തുടക്കമായി. വെള്ളികുളം, പൂവത്തോട്, കാഞ്ഞിരമറ്റം തുടങ്ങി വിവിധ സ്ഥലങ്ങളിൽ കർഷകദള ഫെഡറേഷനുകളുടെ നേതൃത്വത്തിലാണ് ചക്ക, മാങ്ങാ എന്നിവയുടെ സംഭരണം നടപ്പാക്കിയത്. 8 കിലോയോ അതിനുമുകളിലോ തൂക്കമുള്ള വരിക്ക, കൂഴ ചക്കകൾക്കാണ് കൂടുതൽ ആവശ്യം. പാലാ സാൻതോം ഫുഡ് ഫാക്ടറിയിൽ കർഷകരിൽനിന്നു നേരിട്ട് ചക്ക ശേഖരിക്കുന്നതാണ്. മുൻകൂട്ടി അറിയിച്ചതിനുശേഷം മാത്രം പൊട്ടലും ചതവും പറ്റാത്തവിധം ചക്ക പറിച്ചുകൊണ്ടുവരാവുന്നതാണ്.

**കൂട്ടിക്കൽ സോണൽ വാർഷികം**

കൂട്ടിക്കൽ സോണൽ വാർഷികം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. രക്ഷാധികാരി വെരി. റവ. ഫാ. ജോസഫ് വടക്കേമംഗലത്ത് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആൻസി അഗസ്റ്റിൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ സമ്മാനദാനം നിർവഹിച്ചു. ശ്രീ സിബി കണിയാംപടി ആശംസകൾ അർപ്പിച്ചു. പരിപാടി സമൂഹ ഐക്യവും പങ്കാളിത്തവും ശക്തിപ്പെടുത്തുന്നതിനും വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും സഹായകമായി.

**തയ്യൽക്കടയുടെ ഉദ്ഘാടനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പിന്തുണയോടെ തുരുത്തിപ്പള്ളി ദത്തുകുടുംബത്തിനു ലഭിച്ച സാമ്പത്തികസഹായം വിനിയോഗിച്ച് ആരംഭിച്ച തയ്യൽക്കടയുടെ ഉദ്ഘാടനം വിജയകരമായി നടന്നു. കുടുംബത്തിന്റെ സാമ്പത്തികസ്വയംപര്യാപ്തത ലക്ഷ്യമാക്കി ആരംഭിച്ച ഈ സംരംഭം, 'സേവ് എ ഫാമിലി പ്ലാൻ' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയതാണ്. പദ്ധതിപ്രകാരം ലഭിച്ച ധനസഹായം ഉപയോഗിച്ച് ആവശ്യമായ യന്ത്രങ്ങളും അനുബന്ധസൗകര്യങ്ങളും സജ്ജീകരിച്ചാണ് തയ്യൽക്കടപ്രവർത്തനം ആരംഭിച്ചത്. ഉദ്ഘാടനച്ചടങ്ങിൽ പ്രദേശവാസികളും സംഘടനാപ്രതിനിധികളും പങ്കെടുത്തു. സംരംഭം കുടുംബത്തിന്റെ സ്ഥിരമായ വരുമാനമാർഗമായി വളരുകയും, അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകരമാകുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു.

**ബിരിയാണി ചലഞ്ച് സംഘടിപ്പിച്ചു**

കടുത്തുരുത്തി സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ ബിരിയാണി ചലഞ്ച് സംഘടിപ്പിച്ചു. പരിപാടി വികാരി ഫാ. ജോൺ പാളിത്തോട്ടം ഉദ്ഘാടനം ചെയ്തു. സംഘാംഗങ്ങളുടെ സജീവപങ്കാളിത്തത്തോടെ നടന്ന ഈ പ്രവർത്തനം സ്വയംതൊഴിൽ പ്രോത്സാഹനത്തിനും സംഘം ഐക്യബോധം വർദ്ധിപ്പിക്കുന്നതിനും സഹായകമായി. കൂടാതെ, ഇത്തരം സംരംഭങ്ങൾ സംഘത്തിന്റെ സാമ്പത്തികശക്തീകരണത്തിനും ഭാവിയിലെ കൂട്ടായ്മപ്രവർത്തനങ്ങൾക്കും പ്രചോദനമായി.

**NCDC കർഷക ഉൽപാദകസഹകരണസംഘങ്ങളുടെ നേതൃസംഗമം**

എൻ.സി.ഡി.സി (നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ)യുടെ ആഭിമുഖ്യത്തിൽ, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷക ഉൽപാദകസഹകരണസംഘങ്ങളുടെ നേതൃസംഗമം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വിജയകരമായി സംഘടിപ്പിച്ചു. ഈരാറ്റുപേട്ട, പള്ളം, വൈക്കം ബ്ലോക്കുകളിലെ വിവിധ എഫ്.പി.ഒകളുടെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. സമ്മേളനം എൻ.സി.ഡി.സി കേരള റീജിയൻ ഡയറക്ടർ കെ.എൻ. ശ്രീധരൻ ഉദ്ഘാടനം ചെയ്തു. കർഷക ഉൽപാദകസംഘങ്ങൾക്ക് മൂല്യവർധിതസംരംഭങ്ങൾക്കായി രണ്ടു കോടി രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിനെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പി.എസ്.ഡബ്ലിയു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു. എൻ.സി.ഡി.സി ഡെപ്യൂട്ടി ഡയറക്ടർ സുരേന്ദ്രകുമാർ സുമൻ, യംഗ് പ്രൊഫഷണൽ (മാർക്കറ്റിംഗ്) ലിന്റാ ബി. ആർ, പി.എസ്.ഡബ്ല്യു.എസ് അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ, എഫ്.പി.ഒ ഡിവിഷൻ മാനേജർ ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. റിസോഴ്സ് പേഴ്സൺമാരായ അജയ് ജോസ്, ജസ്റ്റിൻ ജോസഫ്, വിമൽ ജോണി, ഷീബാ ബെന്നി എന്നിവർ പരിശീലനക്ലാസുകൾ നയിച്ചു. വിവിധ എഫ്.പി.ഒ ചെയർമാൻമാരും അംഗങ്ങളും പരിപാടിയിൽ സജീവമായി പങ്കെടുത്തു. പരിപാടി കർഷക ഉൽപാദക സംഘങ്ങളുടെ ശേഷിവികസനത്തിനും സംരംഭവളർച്ചയ്ക്കും പ്രചോദനമാകുന്ന തരത്തിൽ ഫലപ്രദമായി നടന്നു.

**എൻ.സി.ഡി.സി കർഷക കമ്പനികളുടെ നേതൃയോഗങ്ങൾ**

നാഷണൽ കോ ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റ- NCDC മാർഗനിർദേശപ്രകാരം ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനു FPO കളുടെ തുടർപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാൻ ലക്ഷ്യം വച്ച് കമ്മ്യൂണിറ്റി ബെയ്സ്ഡ് ബിസിനസ് ഓർഗനൈസേഷൻ - CBBO ആയ

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അധികൃതർ സംബന്ധിച്ച സ്പെഷ്യൽ നേതൃയോഗങ്ങൾ മേയ് 6,8,9 തീയതികളിലായി പൂർത്തിയായി.

**പള്ളം ബ്ലോക്ക് FPO:**

6–ാം തീയതി പള്ളം FPO യുടെ അയർക്കുന്നത്തു ചേർന്ന യോഗം ഫെർട്ടിലൈസർ ലൈസൻസ് ഉൾപ്പെടെ എല്ലാ ലൈസൻസുകളും എടുക്കുന്നതിനു തീരുമാനിച്ചു. സംരംഭം എന്ന നിലയിൽ വളത്തിന്റെ വിപണനത്തിന് പ്രഥമപരിഗണന നൽകാൻ തീരുമാനിച്ചു. FPOയെ വിപുലീകരിക്കുന്നതിനും ഓഹരിസമാഹരണത്തിനുമായി ബ്ലോക്കിനുള്ളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കർഷകസംഗമങ്ങൾ സംഘടിപ്പിക്കാൻ നിശ്ചയിച്ചു. ആദ്യപ്രോഗ്രാം പുതുപ്പള്ളി പഞ്ചായത്തിൽ നടത്താനും തീരുമാനിച്ചു. ചെയർമാൻ ജെയിംസ് പുതുമനയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ PSWS FPO ഡിവിഷൻ മാനേജർ ഡാന്റിസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം, അക്കൗണ്ട്സ് ഓഫീസർ ഷീബാ ബെന്നി തുടങ്ങിയവർ സംബന്ധിച്ചു.

**ഈരാറ്റുപേട്ട ബ്ലോക്ക് FPO**

8–ാം തീയതി ഈരാറ്റുപേട്ട ബ്ലോക്ക് FPO യുടെ വെള്ളികുളത്തു ചേർന്ന യോഗം ഫെർട്ടിലൈസർ ലൈസൻസ് ഉൾപ്പെടെ എല്ലാ ലൈസൻസുകളും എടുക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു. FPO യുടെ ഓഫീസിനായി ലഭിച്ച ഒറ്റയീട്ടിയിലെ പഞ്ചായത്തുകെട്ടിടത്തിൽ ഓഫീസിന്റെ ഔപചാരികമായ ഉദ്ഘാടനവും ഓഹരി ഉടമകളുടെ പൊതുയോഗവും ഈ മാസംതന്നെ നടത്തുവാൻ നിശ്ചയിച്ചു. സംരംഭം എന്ന നിലയിൽ FPO യുടെ ഔട്ട്ലെറ്റ് ഓഫീസ് റൂമിൽത്തന്നെ ആരംഭിക്കുന്നതിനും പാലാ അഗ്രിമ ഉൾപ്പെടെ അനുബന്ധസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിപണനത്തിന് സാധനസാമഗ്രികൾ സമാഹരിക്കാനും തീരുമാനിച്ചു. FPO യെ വിപുലീകരി ക്കുന്നതിനും ഓഹരിസമാഹരണത്തിനുമായി ബ്ലോക്കിനുള്ളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കർഷകസംഗമങ്ങൾ സംഘടിപ്പിക്കാൻ നിശ്ചയിച്ചു. ചെയർമാൻ ജിജിമോൻ വി.റ്റിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രക്ഷാധികാരി ഫാ. സ്കറിയ വേകത്താനം, ഡാന്റിസ് കൂനാനിക്കൽ, പി.വി. ജോർജ് പുരയിടം, സെബാസ്റ്റ്യൻ ആരുശ്ശേരിൽ എന്നിവർ പ്രസംഗിച്ചു.

**വൈക്കം ബ്ലോക്ക് FPO**

9–ാം തീയതി വൈക്കം ബ്ലോക്ക് FPO യുടെ തലയാഴത്തുചേർന്ന യോഗത്തിൽ FPO യ്ക്ക് അനുവദിക്കപ്പെട്ട 15 ലക്ഷം രൂപയുടെ 'ജൈവ ഗ്രാമം' പദ്ധതി റിപ്പോർട്ടു ചെയ്യപ്പെട്ടു. ഫെർട്ടിലൈസർ ലൈസൻസ് ഉൾ

പ്പെടെ എല്ലാ ലൈസൻസുകളും എടുക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു. FPOയെ വിപുലീകരിക്കുന്നതിനും ഓഹരിസമാഹരണത്തിനുമായി ബ്ലോക്കിനുള്ളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കർഷക സംഗമങ്ങൾ സംഘടിപ്പിക്കാൻ നിശ്ചയിച്ചു. ചെയർമാൻ അഡ്വ. എ.സി ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഡാന്റീസ് കൂനാനിക്കൽ പി.വി. ജോർജ് പുരയിടം തുടങ്ങിയവർ പ്രസംഗിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ (PSWS) ആഭിമുഖ്യത്തിൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട കുടുംബങ്ങളുടെ സാമ്പത്തികസുസ്ഥിരത ലക്ഷ്യമാക്കി നടപ്പിലാക്കുന്ന 'സേവ് എ ഫാമിലി പ്ലാൻ' പദ്ധതിപ്രകാരം ഈ വർഷം 241 ഗുണഭോക്താക്കൾക്ക് സാമ്പത്തികസഹായം വിതരണം ചെയ്തു. ലഭ്യമായ ധനസഹായം വിനിയോഗിച്ച് ഗുണഭോക്താക്കൾ അടിസ്ഥാനസൗകര്യ വികസനം, ചെറുകിടസംരംഭങ്ങൾ, മൃഗസംരക്ഷണസൗകര്യങ്ങൾ, കൃഷി, ക്ഷീരവികസനം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

പദ്ധതിയിൽ ഉൾപ്പെട്ട ഭൂരിഭാഗം കുടുംബങ്ങളും അവരുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, അനുബന്ധഫോട്ടോകളും ബില്ലുകളും ഉൾപ്പെടെയുള്ള രേഖകൾ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. രേഖകൾ സമർപ്പിച്ച ഗുണഭോക്താക്കളുടെ പദ്ധതി പൂർത്തീകരണ റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്കു സമർപ്പിക്കുകയും ചെയ്തു. ഇനിയും പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കൾ എത്രയും വേഗം പദ്ധതികൾ പൂർത്തിയാക്കി ആവശ്യമായ രേഖകൾ ഓഫീസിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്വാശ്രയ സംഘം/കർഷകദള ഫെഡറേഷൻ രൂപീകരണം**

കർഷകദളങ്ങളുടെ രൂപീകരണവും സ്വയംസഹായസംഘങ്ങളുടെ (SHG) വ്യാപനവും ലക്ഷ്യമാക്കി വിവിധ സോണുകളിൽ ബോധവത്കരണക്ലാസ്സുകളും രൂപീകരണപ്രവർത്തനങ്ങളും നടന്നു.

വടകര പള്ളിയിൽ കർഷകദള രൂപീകരണവുമായി ബന്ധപ്പെട്ട യോഗം സംഘടിപ്പിച്ചു. കൂടാതെ, കുടക്കച്ചിറ പള്ളിയിൽ പുതിയ SHG ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനായി സെമിനാർ നടത്തി, PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ക്ലാസ് നയിച്ചു. തോടനാൽപള്ളി മാതൃവേദി അംഗങ്ങളുമായി വികാരിയച്ചന്റെ നേതൃത്വത്തിൽ SHG ഗ്രൂപ്പ് രൂപീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ചകളും നടത്തി. പ്രവർത്തനങ്ങൾ

സമൂഹത്തിലെ വനിതാശക്തീകരണത്തിനും സാമ്പത്തികസ്വയംപര്യാപ്തതയ്ക്കും സഹായകരമായി.

**വിദഗ്ധസന്ദർശനങ്ങൾ**

എൻ.സി.ഡി.സി റീജിയണൽ ഡയറക്ടർ ശ്രീ കെ.എൻ. ശ്രീധരൻ, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ സുരേന്ദ്ര കുമാർ സുമൻ, യങ് പ്രൊഫഷണൽ (മാർക്കറ്റിങ്) ബി.ആർ. ലിന്റ എന്നിവർ പാലാ സാന്തോം FPC ഫുഡ് ഫാക്ടറിയും അഗ്രിമ സെൻട്രൽ നഴ്സറിയും സന്ദർശിച്ചു.

SFAC കേരളയുടെ മാനേജിങ് ഡയറക്ടർ ശ്രീമതി ബിന്ദു വിവേക് ദേവി, ടീം ലീഡർ ശ്രീമതി ജോമി ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ സുരേഷ് എം.എസ് എന്നിവർ പാലാ സാന്തോം FPC ഫുഡ് ഫാക്ടറിയും അഗ്രിമ സെൻട്രൽ നഴ്സറിയും സന്ദർശിച്ചു.

ഫാക്ടറിയുടെ പ്രവർത്തനരീതികളും മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണവും വിപണനസാധ്യതകളും സംഘം വിലയിരുത്തി. അഗ്രിമ സെൻട്രൽ നഴ്സറിയിലെ ഉൽപാദനപ്രവർത്തനങ്ങളും കർഷകർക്കുള്ള പിന്തുണാസംവിധാനങ്ങളും സംബന്ധിച്ച് വിശദമായ അവലോകനം നടത്തി. ഇത്തരം സന്ദർശനങ്ങൾ FPCകളുടെ ശേഷിവികസനത്തിനും സംരംഭങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മാർഗനിർദേശങ്ങൾ നൽകുന്നതിനും സഹായകരമായി.

**എൻ.സി.ഡി.സി (NCDC) റിവ്യൂ മീറ്റിങ് സംഘടിപ്പിച്ചു**

എൻ.സി.ഡി.സി റിവ്യൂ മീറ്റിങ് യോഗത്തിൽ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ (FPO) പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. പങ്കെടുത്ത ഉദ്യോഗസ്ഥരും പ്രതിനിധികളും പദ്ധതികളുടെ നിലവിലെ അവസ്ഥയും ഭാവിപ്രവർത്തന പദ്ധതികളും വിശദമായി ചർച്ച ചെയ്തു. യോഗം പദ്ധതികളുടെ ഗുണമേന്മയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിനു സഹായകമായി.

**ഹൈടെക് കോഴിക്കൂടുകൾ വിതരണം ചെയ്തു**

ഹൈടെക് കോഴിക്കൂടുകളുടെ പ്രദർശനവും വിപണനവും വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. പരിപാടിയിലൂടെ ആധുനിക കോഴിവളർത്തൽ സൗകര്യങ്ങൾ കർഷകർക്കു പരിചയപ്പെടുത്തുകയും പ്രായോഗിക അറിവ് നൽകുകയും ചെയ്തു. കൂടാതെ, എല്ലാ സോണുകളിലും ആവശ്യക്കാരായ ഗുണഭോക്താക്കൾക്ക് ഹൈടെക് കോഴിക്കൂടുകൾ വിതരണം ചെയ്തു. കോഴിവളർത്തൽമേഖലയിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വയംതൊഴിൽ അവസരങ്ങൾ വികസിപ്പിക്കുന്നതിനും ഇതു സഹായകമായി.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി വിവിധ സോണൽ തലങ്ങളിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി വാട്ടർ ടാങ്ക്, ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ തുടങ്ങിയ ഗൃഹോപകരണങ്ങൾ ലളിതമായ ഗഡുക്കളിൽ ഗുണഭോക്താക്കൾക്കു വിതരണം ചെയ്തു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് രൂപകല്പന ചെയ്തിരിക്കുന്ന ഈ പദ്ധതി, അവരുടെ ദൈനംദിന ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണായകപങ്കു വഹിക്കുന്നു. ഗുണമേന്മയുള്ള ഉൽപന്നങ്ങൾ വിശ്വാസ്യതയുള്ള സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിലൂടെ കുടുംബങ്ങളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പാക്കുന്നതിനും പദ്ധതി സഹായകമായി.

**മുട്ടത്താറാവുകളുടെയും കോഴിക്കുഞ്ഞുങ്ങളുടെയും വിതരണം**

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം ക്യാമ്പസ്, പാലായിൽ ഉയർന്നയിനം മുട്ടത്താറാവ്, BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ചു. പരിപാടിയിലൂടെ ആധുനികസാങ്കേതികവിദ്യകളും സൗകര്യങ്ങളും കർഷകർക്കു പരിചയപ്പെടുത്തുകയും, പ്രായോഗിക അറിവ് നൽകുകയും ചെയ്തു. വിവിധ മേഖലകളിൽ നിന്നുള്ള കർഷകരും സംരംഭകരും സജീവമായി പങ്കെടുത്ത ഈ പരിപാടി, വരുമാനവർധനയ്ക്കും സ്വയംതൊഴിൽസാധ്യതകൾ വികസിപ്പിക്കുന്നതിനും പ്രചോദനമാകുകയും ചെയ്തു.

**അവലോകനയോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായ സംഘങ്ങളുടെ അവലോകനയോഗങ്ങൾ വിവിധ ഇടവകകളിൽ സംഘടിപ്പിച്ചു. യോഗങ്ങളോടനുബന്ധിച്ച് പുതിയ ഗ്രൂപ്പുകളുടെ രൂപീകരണവും കൃഷിസംബന്ധമായ ബോധവത്കരണക്ലാസുകളും നടത്തി.

തുടങ്ങനാട് നടന്ന അവലോകനയോഗത്തിൽ എട്ടു ഗ്രൂപ്പുകളുടെ ഓഡിറ്റിങ് വിജയകരമായി പൂർത്തിയാക്കി. ചക്കിക്കാവ് കർഷക ഫെഡറേഷൻ അംഗങ്ങൾ ഡയറക്ടർ ജോർജ് ഒഴുകയിലച്ചന്റെ സാന്നിധ്യത്തിൽ അസ്സീസി സന്ദർശിച്ചു അന്തേവാസികളുടെ കൂടെ ഒരു ദിവസം ചെലവഴിക്കുകയും അവർക്കുവേണ്ട ദൈനംദിന സാധനങ്ങൾ കൈമാറുകയും ചെയ്തു

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള കാക്കൊമ്പ് സെന്റ് മേരീസ് സ്വാശ്രയസംഘത്തിന്റെ വാർഷികവും കുടുംബസംഗമവും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കുമ്പുളുമൂട്ടിലിന്റെയും പി.എസ്.ഡബ്ല്യു.എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബിൻ പുളിക്കപ്പറമ്പിലിന്റെയും നേതൃത്വത്തിൽ നടന്നു. പ്രവർത്തനങ്ങൾ സംഘങ്ങളുടെ സംഘടനാശക്തി വർദ്ധിപ്പിക്കുകയും, സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്ക് ഊർജം പകരുകയും ചെയ്തു.

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള വാക്കാട് സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പ് എസ്.എസ് ഡയറക്ടർ ഫാ. മാത്യു കോലോത്ത് ഉദ്ഘാടനം ചെയ്തു. പ്രദേശവാസികൾക്കു സൗജന്യമായി കണ്ണു പരിശോധനയും ആവശ്യമായ ചികിത്സാനിർദേശങ്ങളും നൽകിയത് മുഖേന ആരോഗ്യബോധം വർധിപ്പിക്കുന്നതിനും സാമൂഹികസേവനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരിപാടി സഹായകമായി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**കരിയർ ഗൈഡൻസ് ക്യാമ്പ്**

പാലാ രൂപത DCMS സമിതിയുടെ നേതൃത്വത്തിൽ 2026 മേയ് 4, 5 തീയതികളിൽ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 10, +1, +2 കുട്ടികൾക്കായുള്ള കരിയർ ഗൈഡൻസ് ക്യാമ്പ് നടന്നു. വിവിധ യൂണിറ്റുകളിൽനിന്നായി 46 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ഫാ.ജോസഫ് ചീനോത്ത്പറമ്പിൽ, ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്, സിജു സെബാസ്റ്റ്യൻ കൈമാരിയേൽ എന്നിവർ കുട്ടികൾക്കു ക്ലാസുകൾ എടുത്തു.

**യൂത്ത് മീറ്റിങ്**

2026 മെയ് 9 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് DCMS യുവജനങ്ങളുടെ രണ്ടാമത് യുവജന മീറ്റിങ് കൂടുകയുണ്ടായി. യുവജനങ്ങൾക്കായി ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട് മീഡിയ എങ്ങനെ ക്രിയാത്മകമായി ഉപയോഗിക്കണം എന്നതിനെക്കുറിച്ച് ക്ലാസ് എടുക്കുകയുണ്ടായി. അടുത്ത മീറ്റിങ് 2026 ജൂൺ 13 ശനിയാഴ്ച രാവിലെ 10.30 നു കൂടുവാനും തീരുമാനായി.

**ഡയറക്ടേഴ്സ് മീറ്റിങ്**

കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജിൽ വച്ചു നടന്ന DCMS രൂപത ഡയറക്ടർമാരുടെ മീറ്റിങ്ങിൽ പാലാ രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത് പങ്കെടുത്തു.

**യൂത്ത് എംപവർമെന്റ് പ്രോഗ്രാം**

ഫാ. സ്റ്റാൻ സ്വാമി സ്ഥാപിച്ച ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് (ISI) ഓഫ് ബാംഗ്ലൂർ വച്ച് ദളിത് പിന്നാക്കവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി നടത്തുന്ന യൂത്ത് എംപവർമെൻറ് പ്രോഗ്രാമിന്റെ ആലോചനായോഗത്തിൽ DCMS രൂപത ഡയറക്ടർ പങ്കെടുത്തു.

**യൂണിറ്റ് രൂപീകരണം**

മല്ലികശ്ശേരി ഇടവകയിൽ ഡിസിഎംസ് സംഘടനയ്ക്ക് പുതിയ യുണിറ്റ് രൂപീകരിച്ചു. യൂണിറ്റ് രൂപീകരിച്ച ഇടവകവികാരി ഫാ. ജോസ് വടക്കേക്കുറ്റച്ചനും, DCMS കുടുംബങ്ങൾക്കും നന്ദി അറിയിക്കുന്നു.

**കുടുംബസംഗമങ്ങൾ**

രാമപുരം, മുട്ടുചിറ, കുറവിലങ്ങാട്, മരങ്ങോലി, കാഞ്ഞിരമറ്റം, കാവുംകണ്ടം എന്നീ യൂണിറ്റുകളിൽ DCMS രൂപത സമിതിയുടെ ആഹ്വാന പ്രകാരം കുടുംബസംഗമങ്ങൾ നടത്തി.

**ഫാ. തോമസ് കിഴക്കേകൊല്ലിത്താനം** (ഡയറക്ടർ)

---

# കെയർ ഹോംസ്

---

14/05/2026 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് നടത്തപ്പെട്ടു.

**മനഃശാന്തി 2026**

മേയ് 28,29 തീയതികളിൽ നടന്ന മനഃശാന്തി 2026 മരിയസദനം ചാരിറ്റി കാർണിവൽ ഉദ്ഘാടനച്ചടങ്ങിൽ ഡയറക്ടറച്ചൻ ഫ്ളാഗ് ഓഫ് ചെയ്തു.

**ട്രെയിനിങ്**

സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം ജൂൺ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.

**മീഡിയ പരിശീലനം**

കെയർ ഹോംസ്,സ്പെഷ്യൽ സ്കൂൾ ഇവർക്കുള്ള മീഡിയ പരിശീലനം ജൂൺ15,16 തിയതികളിൽ ഷലോമിൽ വച്ചു നടത്തുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

കെ. എൽ.എം

**എക്സിക്യൂട്ടീവ്**

07/05/2026 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് നടത്തപ്പെട്ടു.

**ക്ഷേമനിധി**

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

**വിവിധ ക്ഷേമനിധികൾ**

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി.
3. സുരക്ഷാക്ഷേമനിധി.
4. തയ്യൽത്തൊഴിലാളി ക്ഷേമനിധി

8304981275 – ഈ നമ്പറിൽ ബന്ധപ്പെടുക.

**വിതരണം**

നിർമ്മാണത്തൊഴിലാളി, അസംഘടിത തൊഴിലാളിത്തൊഴിൽ സാമഗ്രികൾ വിതരണം ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

മേയ് 3,10,17,24,31 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം മേയ് 10-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

**കുടിവെള്ള സ്രോതസ്സ് സംരക്ഷണസദസ്സ്**

അഡാർട്ട് പാലായും പാലാ ഗാന്ധി സെൻററും സംയുക്തമായി 2026 മേയ് 8 വെള്ളിയാഴ്ച മൂന്നുമണിക്ക് അഡാർട്ടിൽ വച്ച് 'കിണർ റീചാർജിങ്' അറിയേണ്ടതെല്ലാം എന്ന വിഷയത്തെക്കുറിച്ച് പൊതുപ്രവർത്തകനായ ശ്രീ സിബി പുരയിടം ക്ലാസ് നയിച്ചു.

**ധ്യാനം**

മേയ് 13, 12 തീയതികളിൽ അഡാട്ടിൽ ചികിത്സ നേടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ചികിത്സ പൂർത്തിയാക്കിയവർക്കും ധ്യാനം നടത്തി. ധ്യാനത്തിന് റവ ഫാ.ജോൺ പൊരുന്നോലിൽ, റവ. ഫാ. ഐസക് പെരിങ്ങാമലയിൽ, Bro. ബേബി തോമസ്, Bro ഔതച്ചൻ പനച്ചികരോട്ട്, Bro ജോസ് കാവേലി എന്നിവർ നേതൃത്വം നല്കി.

**അഡാർട്ട് സന്ദർശനം**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യുക്കേഷൻ മണിമലക്കുന്ന് കോളേജ് അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികളും അധ്യാപകരും പാലാ അഡാർട്ട് സന്ദർശിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, കൗൺസിലർ ലിബി അഗസ്റ്റിൻ തുടങ്ങിയവർ ക്ലാസ് നയിച്ചു.

**ബോധവൽക്കരണക്ലാസ്**

അഡാർട്ടിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്കുവേണ്ടി പാലാ എക്സൈസ് ഓഫീസറായ ജയേന്ദ്രൻ ആർ, ജെസി ജോസഫ്, സുജാത സിബി എന്നിവർ സന്ദർശിക്കുകയും രോഗികൾക്കായി ബോധവൽക്കരണ ക്ലാസ് നയിക്കുകയും ചെയ്തു.

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്റ്റ് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ വലവൂർ, ഉഴവൂർ ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. SCRITURA 1**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് കുടുംബാംഗങ്ങൾക്കായി ഒരുക്കിയ SCRITURA ബൈബിൾ പുതിയ നിയമം പകർത്തിയെഴുത്ത് വിജയികളെ പ്രഖ്യാപിച്ചു.

ഒന്നാം സ്ഥാനം - റെജീന സാബു വടക്കേടത്ത്, സിബിഗിരി മുട്ടം ഇടവക
രണ്ടാം സ്ഥാനം - ആശ സിജോ കവിയിൽ, പ്രവിത്താനം ഇടവക
മൂന്നാം സ്ഥാനം - സെലിൻ രാജു പുല്ലംകുന്നേൽ, മുട്ടുചിറ ഇടവക.

170 ആളുകൾ ബൈബിൾ പുതിയനിയമം പകർത്തിയെഴുതി പൂർത്തിയാക്കി.

**2. ഷലോം പാസ്റ്ററൽ സെന്റർ വെഞ്ചരിപ്പ്**

മേയ് 15 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് നവീകരിച്ച ഷലോം പാസ്റ്ററൽ സെന്ററിന്റെ വെഞ്ചരിപ്പ് പാലാ രൂപതാധ്യക്ഷൻ മാർ

ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവഹിച്ചു. നമ്മുടെ രൂപത ഓഫീസ് വെഞ്ചരിപ്പും നടന്നു.

**3. യൂട്യൂബ് ചാനൽ ഉദ്ഘാടനം**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് യൂട്യൂബ് ചാനൽ ഉദ്ഘാടനകർമ്മം പാലാ രൂപത വികാരി ജനറാൾ വെറി. റവ ഫാ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു.

youtube channel.BIBLE APOSTOLATE PALAI

Link : https://www.youtube.com/@BIBLEAPOSTOLATEPALAI

**4. വചനമുത്തുകൾ**

സമുദായശക്തീകരണവർഷത്തോടനുബന്ധിച്ച് പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് തിരുബാലസഖ്യം കുട്ടികൾക്കായി നടത്തിയ വചനം പറയൽ മത്സരം വിജയികളെ പ്രഖ്യാപിച്ചു

ഒന്നാംസ്ഥാനം – അയറിൻ റോസ് റോജിൻ നീണ്ടൂർ, കുറവിലങ്ങാട് ഇടവക

രണ്ടാം സ്ഥാനം – ജോർജി തോമസ് കരോട്ട് കൈപ്പൻപ്ലാക്കൽ, കാഞ്ഞിരമറ്റം ഇടവക

മൂന്നാം സ്ഥാനം – റോസ്മേരി തോമസ് ഉപ്പുമാക്കൽ, രാമപുരം ഇടവക

**5. ഓൺലൈൻ ബൈബിൾ കോഴ്സ്**

സമുദായശക്തീകരണവർഷം 2026 നോടനുബന്ധിച്ച് പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് നടത്തുന്ന ഓൺലൈൻ ബൈബിൾ കോഴ്സ് രണ്ടു ക്ലാസ്സ് പൂർത്തിയായി. ഏകദേശം 70 ഓളം വ്യക്തികൾ ഓൺലൈൻ ബൈബിൾ ക്ലാസ്സിൽ പങ്കെടുക്കുന്നുണ്ട്.

**6. സമ്പൂർണ്ണ ലോഗോസ് രൂപത ലക്ഷ്യവുമായി പാല രൂപത ബൈബിൾ അപ്പോസ്തലേറ്റ്**

സമുദായശക്തീകരണവർഷം 2026 നോടനുബന്ധിച്ച് പാലാ രൂപതയിലെ എല്ലാ കുടുംബങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞത് ഒരാളെയെങ്കിലും ലോഗോസ് ക്വിസിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യവുമായി പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ്.

**7. ലോഗോസ് ക്വിസ് 2026 ന്റെ പോസ്റ്ററും നോട്ടീസും പ്രസിദ്ധീകരിച്ചു**

2026 ലോഗോസ് ക്വിസ്സിന്റെ പോസ്റ്ററും നോട്ടീസും പ്രസിദ്ധീകരിച്ചു. ജൂൺ മാസം ലോഗോസ് ക്വിസ്സിന്റെ രജിസ്ട്രേഷൻ ആരംഭിക്കുന്നതായിരിക്കും. ലോഗോസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. പോൾ കുന്നുംപുറത്ത്** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**പന്തകുസ്ത തിരുനാൾ ആഘോഷം**

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം പാലാ സോണിന്റ ആഭിമുഖ്യത്തിൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് പന്തക്കുസ്താതിരുനാൾ ആഘോഷിച്ചു രൂപതാ അധ്യക്ഷൻ അഭി വന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് തിരിതെളിച്ച് തിരുനാൾ ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു ചെയ്യുകയുണ്ടായി തുടർന്ന് നൽകിയ സന്ദേശത്തിൽ പരിശുദ്ധാത്മാവ് ജീവശ്വാസമാണെന്നും ഈശോ പഠിപ്പിച്ച കാര്യങ്ങൾ ഒരിക്കലും തെറ്റുപറ്റാതെ സത്യവചനങ്ങൾ ലോക അതിർത്തികൾ വരെ യും പ്രഘോഷിക്കാനാണ് ഓരോ പെന്തക്കുസ്താത്തിരുന്നാളും നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്നും പറയുകയുണ്ടായി ഫാ. ഫ്രാൻസിസ് കർ ത്താനം VC വചനപ്രഘോഷണം നടത്തി ദിവ്യകാരുണ്യ ആരാധനയും നയിച്ചു ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. പോൾ കുന്നുംപുറത്ത്, ഫാ. ജോസഫ് മലേപ്പറമ്പിൽ, ഫാ. ഐസക് പെരിങ്ങാമലയിൽ, കരിസ്മാറ്റിക് സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃ ത്വം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ മേയ് 5 ന് അഡാർട്ടിൽ ഒത്തു കൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

മേയ് 9,16 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർ ശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു

**സഹായം**

ജയിലിൽ കഴിയുന്ന തടവറയിലെ അന്തേവാസികളുടെ കുട്ടി കൾക്കായി പഠനോപകരണങ്ങൾ നൽകി സഹായിച്ചു.

**യൂണിറ്റ് സമ്മേളനം**

മേയ് 20ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്കു പൂർത്തിയാകുന്ന ധ്യാനം - മേയ് 2 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

**2. ദൈവരാജ്യാനുഭവ ഒരുക്കധ്യാനം**

അമേരിക്കയിലെ ന്യൂയോർക്കിൽ, സ്റ്റോണി പോയിന്റ് ഡോൺ ബോസ്കോ റിട്രീറ്റ് സെന്ററിൽ വച്ചു നടത്തുന്ന ദൈവരാജ്യാനുഭവധ്യാനത്തിന് ഒരുക്കമായി, മേയ് 8 മുതൽ 11 വരെ ദിവസങ്ങളിൽ സായാഹ്ന ഒരുക്കധ്യാനം ഓൺലൈനായി നടത്തി.

**3.** മേയ് 15 മുതൽ 17 വരെ അമേരിക്കയിലെ ന്യൂയോർക്കിൽ, സ്റ്റോണി പോയിന്റ് ഡോൺ ബോസ്കോ റിട്രീറ്റ് സെന്ററിൽവച്ചു ദൈവരാജ്യാനുഭവധ്യാനം നടത്തി.

**4.** മേയ് 22 മുതൽ 25 വരെ അമേരിക്കയിലെ ഓസ്റ്റിനിൽ ബഹു വട്ടായിലച്ചന്റെ PDM Retreat Center ൽ വച്ച് ദൈവരാജ്യാനുഭവധ്യാനം നടത്തി.

**5.** മേയ് 26 ന് 10 മണിമുതൽ 3 മണിവരെ അമേരിക്കയിൽ സാൻ അന്റോണിയോയിലെ ക്നാനായ കത്തോലിക്കാപ്പള്ളിയിൽ ഏകദിന ദൈവരാജ്യധ്യാനം നടത്തി.

**6.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

ജൂലൈ 4 ശനിയാഴ്ച 9 am - 3 pm:

ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2026 ജൂലൈ 5 ഞായർ 5 pm 11 ശനി 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഓഗസ്റ്റ് 23 ഞായർ 5 pm 29 ശനി 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ്**

12/05/2026 ചൊവ്വാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് നടത്തപ്പെട്ടു.

**മാധ്യമസെമിനാർ**

സന്യാസിനികൾക്കും അധ്യാപകർക്കും മാധ്യമസെമിനാർ സംഘടിപ്പിച്ചു. പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഇടവകയിൽ മേയ് അവസാനയാഴ്ച സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

**ഫൊറോനാമാധ്യമസെമിനാർ**

പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഇടവകയിൽ മേയ് അവസാന ആഴ്ച സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

**ക്വിസ്**

സമുദായശക്തീകരണത്തിന്റെ ഭാഗമായി നടത്തുന്ന വർത്തമാനപ്പുസ്തകം മെഗാക്വിസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് ഈ നമ്പറിൽ ബന്ധപ്പെടുക: 8113831492.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## ഇൻഫാം

**സംസ്ഥാന ഡയറക്ടേഴ്സ് മീറ്റ്**

ഇൻഫാം ജില്ലാ ഡയറക്ടർമാരുടെ ഒരു യോഗം 22-04-2026ൽ പാറത്തോട് എം.ഡി.എസ്. ഹാളിൽ വച്ചു നടത്തി. പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ പങ്കെടുത്തു. ഇൻഫാം യൂണിറ്റുകളിൽ വനിതാ സമാജുകൾ തുടങ്ങുന്നതിനും ഗ്രാമ, താലൂക്ക്, ജില്ലാ, സംസ്ഥാന, നാഷണൽ അസംബ്ലികൾ നടത്തുന്നതിനും 2027 ജനുവരിയിൽ എല്ലാ കാർഷികജില്ലകളിലും ഇൻഫാം റാലികൾ നടത്തുന്നതിനും യോഗം തീരുമാനിച്ചു. കേരഗ്രാം പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**വനിതാ സമാജ്**

പാലാ കാർഷികജില്ലയിൽ അരുണാപുരം, അരുവിത്തുറ യൂണിറ്റുകളിൽ വനിതാസമാജങ്ങൾ ആരംഭിച്ചു.


**സംസ്ഥാനസമിതി**

ഇൻഫാം സംസ്ഥാനസമിതിയുടെ ഒരു യോഗം 23-4-2026 ൽ പാറത്തോട് എം.ഡി.എസ്. ഹാളിൽവച്ചു നടത്തി. പാലാ കാർഷികജില്ലയിൽനിന്ന് പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സെക്ര

ട്ടറി തോമസ് മറ്റം എന്നിവർ പങ്കെടുത്തു. കാർഷികജില്ലകളിൽ കുട്ടികളെ ആദരിക്കുന്നതിനും കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനും യോഗം തീരുമാനിച്ചു. കാർഷിക ജില്ലാപ്രസിഡന്റിനെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കു തിരഞ്ഞെടുത്തു.

**എക്സിക്യൂട്ടീവ് കമ്മിറ്റി**

ഇൻഫാം പാലാ കാർഷികജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും യൂണിറ്റ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരുടെയും ഒരു സംയുക്തയോഗം 8-5-2026 ൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരകുന്നേൽ, ദേശീയ സെക്രട്ടറി മാത്യു മാമ്പറമ്പിൽ, സംസ്ഥാനട്രഷറർ സണ്ണി അരഞ്ഞാണി പുത്തൻപുര, ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സെക്രട്ടറി തോമസ് മറ്റം എന്നിവർക്കുപുറമേ 20 ഓളം പേർ യോഗത്തിൽ പങ്കെടുത്തു. എസ്.എസ്.എൽ.സി., പ്ലസ്ടു കുട്ടികളെ ആദരിക്കുന്നതിനും കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനും പരിസ്ഥിതദിനത്തോടനുബന്ധിച്ച് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനും അംഗത്വം വർദ്ധിപ്പിച്ചതിനുശേഷം 2027 ജനുവരിയിൽ അസംബ്ലി, റാലി, സമ്മേളനം എന്നിവ നടത്തുന്നതിനും, കൃഷിഭൂമിയുടെ പി.എച്ച്. ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## MAY 2026

| | | |
|---|---|---|
| 1 | 9.00 am | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ ഇൻസ്റ്റിട്ട്യൂട്ടിൽ വച്ചു നടന്ന മെറാക്കി റെസിഡൻഷ്യൽ ക്യാമ്പിൽ മുഖ്യപ്രഭാഷണം നടത്തി. |
| | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| 2 | 10.30 am | കാട്ടാമ്പാക്ക് പള്ളിയിൽ വച്ച് വലിയപ്ലാക്കൽ സ്റ്റാഡിന്റെയും അനിലിറ്റയുടെയും വിവാഹം ആശീർവദിച്ചു. |
| 3 | | വാരിയാനിക്കാട് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 3.00 pm | പാലാക്കാട് പള്ളിയിൽ ശ്രീ ഡിജോ കാപ്പന്റെ സംസ്കാരശുശ്രൂഷയിൽ പള്ളിയിലെ ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 4.00 pm | പിഴക് പള്ളിയിൽ വച്ച് കച്ചിറമറ്റം ജോൺസിന്റെയും സാന്ദ്രയുടെയും വിവാഹം ആശീർവദിച്ചു. |
| 4 | 9.30 am | അരുവിത്തുറ പള്ളിയിൽ വച്ച് ഡീക്കൻ ജോൺ നെടുംകല്ലേൽ CFIC ക്ക് പൗരോഹിത്യം നൽകി |
| | 5.00 pm | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| | | അമലഗിരി കോളേജിൽ വച്ചു നടന്ന പ്രൊജക്ട് ജെംസ് നാഷണൽ ക്യാമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 5 | 7.00 am | കത്തീഡ്രൽപള്ളിയിൽവച്ച് പാലാ രൂപതാ വൈദികവിദ്യാർത്ഥികളുടെ വൈദികവസ്ത്രം നൽകൽ, minor orders നൽകൽ എന്നിവയ്ക്ക് കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 9.30 am | രാമപുരം പള്ളിയിൽ വച്ച് കൂനമ്മാക്കൽ തോമാ കത്തനാരുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 5.30 pm | മുത്തോലപുരം പള്ളിയുടെ പുതിയ പാരിഷ് ഹാൾ വെഞ്ചരിച്ചു. |
| 6 | 10.00 am | DST ജനറലേറ്റിൽ വ്രതവാഗ്ദാനകർമ്മത്തിനും ജൂബിലിയാഘോഷത്തിനും നേതൃത്വം നൽകി. |
| 7 | | ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ചു നടന്ന CBCI സ്റ്റാന്റിങ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. |
| 8 | | ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ച് നാഷണൽ ഫെഡറേഷൻ ഓഫ് ചർച്ചസ് എന്ന പുതിയ എക്യുമെനിക്കൽ സംഘടനയുടെ ആദ്യസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 11 | 9.00 am | കുറവിലങ്ങാട് വച്ചു നടന്ന കൊടൈക്കനാൽ ദുരന്ത അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തു പ്രഭാഷണം നൽകി. |
| | 12.00 pm | അതിരമ്പുഴ പള്ളിയിൽ വച്ച് ജസ്റ്റിൻ-സിജിമോൾ എന്നിവരുടെ മനസ്സമ്മതം ആശീർവദിച്ചു. |
| | 5.00 pm | പിഴക് ഇടവകയിൽ AKCC നിർമിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു. |
| 12 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| | 4.30 pm | വിളക്കുമാടം ഇടവകയിൽ വല്ലനാട്ട് ശ്രീ ജോസിന്റെയും മേരിയുടെയും പതിനൊന്നാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. |
| 13 | 10.00 am | SMS ജനറലേറ്റിൽ വച്ചു നടന്ന പ്രഥമവ്രതവാഗ്ദാനശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 12.30 pm | ചേന്നാട് ഇടവകയിൽപെട്ട പരേതനായ ശ്രീ അപ്പച്ചൻ മുണ്ടിയത്തിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടന്ന മേജർ സെമിനാരിക്കാരുടെ സംഗമത്തിൽ പങ്കുചേർന്നു. |

| | | |
|---|---|---|
| 14 | 11.00 am | മുട്ടുചിറ പള്ളിയിൽ കാലായിൽ മോനു സേവ്യറിന്റെയും അലീനയുടെയും വിവാഹം ആശീർവദിച്ചു. |
| | 2.30 pm | മണലുങ്കൽ ഇടവകയിൽ റവ.ഫാ.സക്കറിയാസ് മണിയങ്ങാട്ടിന്റെ സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികനായി. |
| 15 | 4.00 pm | ഷലോം പാസ്റ്ററൽ സെന്ററിന്റെ നവീകരിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 16 | 8.00 am | കൊഴുവനാൽ കല്ലൂർക്കുളം മഠത്തിന്റെ ശതാബ്ദിയാഘോഷത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 12.15 pm | അരുണപുരം പള്ളിയിൽ വച്ച് ഇലവനാതൊടുകയിൽ ജോണിന്റെയും ക്രിസിയുടെയും മനസമ്മതം ആശീർവദിച്ചു. |
| 17 | | കടപ്ലാമറ്റം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 5.00 pm | കയ്യൂർ പള്ളിയിൽ വച്ച് പാട്ടത്തിൽ സാവിയോ –ജിനു ദമ്പതികളുടെ മകന് പ്രാരംഭകൂദാശകൾ നൽകി. |
| 18 | 9.30 am | കുടയത്തൂർ പള്ളിയിൽ വച്ച് ഡീക്കൻ ജോസഫ് മുട്ടത്ത് OCD യ്ക്ക് പൗരോഹിത്യം നൽകി. |
| | 12.00 pm | ഭരണങ്ങാനത്തു വച്ചു നടന്ന ആഗ്ര രൂപതാവൈദികൻ ഫാ. സെബാസ്റ്റ്യൻ പന്തലാടിയുടെ സുവർണ്ണജൂബിലിസമ്മേളനത്തിൽ സംബന്ധിച്ചു. |
| 19 | | ഇളവൂരിൽ ഫാ. ജോർജ് നെല്ലിശ്ശേരിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| 21 | 4.30 pm | അൽഫോൻസാഗിരി ഇടവകയിൽ ഹോം പാലാ പ്രോജക്ടിൽ നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു. |
| 22 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.30 pm | ചെമ്മലമറ്റം പള്ളിയുടെ പുതിയ പള്ളിമുറിക്കുള്ള ശിലാസ്ഥാപനം നടത്തി. |

| | | |
|---|---|---|
| 23 | 12.00 pm | വാഴേൽ മഠത്തിൽ വച്ചു നടന്ന ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ശ്രാദ്ധത്തിനു നേതൃത്വം നൽകി. |
| | 3.15 pm | ഭരണങ്ങാനം പള്ളിയിൽ വച്ച് കൊട്ടാരത്തുംകുഴി അലിൻ-ആൻ എന്നിവരുടെ വിവാഹം ആശീർവദിച്ചു. |
| 24 | 8.00 am | ഭരണങ്ങാനം അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ പന്തക്കുസ്താത്തിരുനാളിനോടനുബന്ധിച്ച് കുട്ടികളെ എഴുത്തിനിരുത്തി. |
| | 10.30 am | കത്തീഡ്രൽ പള്ളിയിൽവച്ചു നടന്ന കരിസ്മാറ്റിക് പാലാ സോണിന്റെ ആഭിമുഖ്യത്തിൽ നടന്ന ഏകദിനവചനപ്രഘോഷണം ഉദ്ഘാടനം ചെയ്തു. |
| | 3.30 pm | കത്തീഡ്രൽ പള്ളിയിൽ വച്ച് ശ്രീ വി.ജെ. മാത്യു വയലിൽകളപ്പുരയുടെ സംസ്കാരശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. |
| 25 | 3.00 pm | മാർ സ്ലീവാ മെഡിസിറ്റിയുടെ അനക്സിൽ മാറ്റി സ്ഥാപിച്ച ഗ്യാസ്ട്രോ സയൻസ്, പൾമണറി മെഡിസിൻ എന്നീ ഡിപ്പാർട്ട്മെന്റുകൾ വെഞ്ചരിച്ചു. |
| 26 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6.00 pm | അരുണാപുരം അൽഫോൻസാഭവൻ മഠത്തിൽ ബഹു. പരേതയായ സി. മേരി ലെറ്റീഷ്യയ്ക്കു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| 27 | 10.30 am | കത്തീഡ്രൽ പാരിഷ്ഹാളിൽ വച്ച് ജീവമന്ന വചനപഠനപരമ്പരയുടെ സമ്മാനദാനസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 29 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 30 | 10.00 am | രാമപുരം ഇടവകയിൽ പരേതനായ കോയിപ്പള്ളി ബഹു. തോമസ് സാറിന്റെ സംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമ്മികനായി. |
| | 11.00 am | പ്രവിത്താനം ഇടവകയിൽ കരോട്ടെക്കുറ്റ് സൈമൺ-റിന്നു എന്നിവരുടെ മനസ്സമ്മതം ആശീർവദിച്ചു. |



**16.05.2026**

കൊഴുവനാൽ കല്ലൂർക്കുളം ഹോളി ഫാമിലി FCC മഠത്തിന്റെ ശതാബ്ദി ആഘോഷത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

**23.05.2026**

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ ഓർമ്മദിനത്തിലെ ശ്രാദ്ധം വെഞ്ചരിപ്പ് മേജർ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും ചേർന്നു നിർവഹിച്ചു.



**24.05.2026**



പന്തക്കുസ്താത്തിരുനാളിൽ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കുഞ്ഞുങ്ങളെ എഴുത്തിനിരുത്തി.



കത്തോലിക്കാ കരിസ്മാറ്റിക്
പ്രസ്ഥാനം പാലാ സോണിന്റെ
ആഭിമുഖ്യത്തിൽ പന്തക്കുസ്താ
ത്തിരുനാളിനോട് അനുബന്ധിച്ച്
കത്തീദ്രൽ പള്ളിയിൽ
വച്ചുനടന്ന ഏകദിന
വചനപ്രഘോഷണം ഉദ്ഘാടനം
ചെയ്തു സന്ദേശം നൽകുന്ന
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ്





24.05.2026





25.05.2026



മാർ സ്ലീവാ മെഡിസിറ്റിയുടെ
Annex One ലെ പുതിയ
block ലേക്ക് മാറ്റി സ്ഥാപിച്ച
ഗ്യാസ്ട്രോ സയൻസ്, പൽമനറി
മെഡിസിൻ എന്നീ
ഡിപ്പാർട്ടുമെന്റുകളുടെ
ഉദ്ഘാടനവും വെഞ്ചരിപ്പും
അഭിവന്ദ്യ മാർ ജോസഫ്
പള്ളിക്കാപറമ്പിലും അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവും ചേർന്ന് നിർവഹിച്ചു.

# ഹോം പാലാ



**11.05.2026**

AKCC, പിഴക്



**21.05.2026**

അൽഫോൻസാഗിരി

സ്നേഹസ്മരണയ്ക്ക്



## സി. മേരി ലെറ്റീഷ്യാ FCC
**പുറക്കാട്ടുപുത്തൻപുര (87)**

| | | |
|---|---|---|
| ഇടവക | : | മോനിപ്പള്ളി ചീങ്കല്ലേൽ |
| ജനനം | : | 21.10.1943 |
| നിത്യവ്രതം | : | 03.10.1971 |
| മരണം | : | 24.05.2026 |
| മൃതസംസ്കാരം | : | അരുണാപുരം |

*സേവനമണ്ഡലങ്ങൾ:*
പാലാ, അരുണാപുരം
കണ്ണാടിയുറുമ്പ്, പുലിയന്നൂർ,
ളാലം, ആശാനിലയം, വേദഗിരി
മണലുങ്കൽ

സ്നേഹസ്മരണയ്ക്ക്



## സി. ലിനറ്റ് SABS
**കലയത്തിനാൽ (89)**

| | | |
|---|---|---|
| ഇടവക | : | ഭരണങ്ങാനം |
| ജനനം | : | 31.12.1937 |
| നിത്യവ്രതം | : | 26.04.1971 |
| മരണം | : | 11.05.2026 |
| മൃതസംസ്കാരം | : | കടനാട് |

*സേവനമണ്ഡലങ്ങൾ:*
നെല്ലിയാനി, അരുവിത്തുറ
ദേവമാതാ കൂത്താട്ടുകുളം, കടനാട്

സ്നേഹസ്മരണയ്ക്ക്



## സി. തെരേസ് SABS
**മണിയങ്ങാട്ട് (93)**

| | | |
|---|---|---|
| ഇടവക | : | കാഞ്ഞിരമറ്റം |
| ജനനം | : | 03.03.1934 |
| നിത്യവ്രതം | : | 27.05.1969 |
| മരണം | : | 22.05.1961 |
| മൃതസംസ്കാരം | : | നെല്ലിയാനി |

*സേവനമണ്ഡലങ്ങൾ:*
ക്രൈസ്റ്റ് ഹാൾ, കൂത്താട്ടുകുളം,
മുത്തോലപുരം, മുട്ടുചിറ, കടുത്തുരുത്തി
കാഞ്ഞിരമറ്റം, നെല്ലിയാനി
കൂത്താട്ടുകുളം, പൈക

സ്നേഹസ്മരണയ്ക്ക്



## സി. എൽസി SABS
**കണയങ്കൽ (84)**

| | | |
|---|---|---|
| ഇടവക | : | തോടനാൽ |
| ജനനം | : | 05.02.1946 |
| നിത്യവ്രതം | : | 27.04.1976 |
| മരണം | : | 23.05.2026 |
| മൃതസംസ്കാരം | : | പൈക |

*സേവനമണ്ഡലങ്ങൾ:*
കൂത്താട്ടുകുളം, മുട്ടുചിറ, പൈക
മൈസൂർ, കടനാട്, കടുത്തുരുത്തി, നാഗാലാന്റ്
ആസാം, കാഞ്ഞിരമറ്റം



## സ്നേഹസ്മരണയ്ക്ക്



# ഡോ. തോമസ് കൂനമ്മാക്കൽ

1955 നവംബർ 15ന് രാമപുരം ഇടവകയിലെ കൂനമ്മാക്കൽ കുര്യൻ–ത്രേസ്യ ദമ്പതികളുടെ മകനായി ഫാ. തോമസ് കൂനമ്മാക്കൽ ജനിച്ചു. രാമപുരം എസ്.എച്ച്. എൽ.പി സ്കൂൾ, സെന്റ് അഗസ്റ്റിൻസ് യു.പി ആൻഡ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നായി പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. 1972ൽ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദികവിദ്യാഭ്യാസം ആരംഭിച്ച അദ്ദേഹം, തുടർന്ന് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1981 ഡിസംബർ 30ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിൽ നിന്നും അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. ഭരണങ്ങാനം, ചൂണ്ടച്ചേരി എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം അനുഷ്ഠിച്ചു. റോമിലും വിഖ്യാതമായ ഓക്സ്ഫോർഡ് സർവ്വകലാശാലയിലുമായി നടത്തിയ ഉപരിപഠനത്തിലൂടെ അദ്ദേഹം 'ഡോക്ടറേറ്റ്' (DPhil) കരസ്ഥമാക്കി. സുറിയാനിസഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലും (Patristics) പൗരസ്ത്യദൈവശാസ്ത്രത്തിലും അദ്ദേഹം അഗാധമായ ജ്ഞാനം നേടി. തുടർന്ന് വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ ദീർഘകാലം (1991–2011) പ്രൊഫസറായി സേവനമനുഷ്ഠിച്ചു. കോട്ടയത്തെ സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (SEERI) ഡീൻ ഓഫ് സ്റ്റഡീസായും, എം.ജി സർവ്വകലാശാലയിൽ റിസർച്ച് ഗൈഡായും എക്സാമിനറായും അദ്ദേഹം പ്രവർത്തിച്ചു. സുറിയാനിഭാഷയ്ക്കും നസ്രാണിപാരമ്പര്യങ്ങൾക്കും അദ്ദേഹം നൽകിയ സംഭാവനകൾ പരിഗണിച്ച് SEERI അദ്ദേഹത്തിന് ഭാരതത്തിന്റെ വലിയ മല്പാൻ പദവി നൽകി ആദരിച്ചു. അന്താരാഷ്ട്ര തലത്തിലുള്ള 'സിമ്പോസിയം സിറിയക്കം' (Symposium Syriacum), ഓക്സ്ഫോർഡ് പാട്രിസ്റ്റിക് കോൺഫറൻസ് എന്നിവയിൽ സജീവ അംഗമായിരുന്നു. ഉാലം പഴയപള്ളി, ഭരണങ്ങാനം, വേഴങ്ങാനം, പിഴക്, മലപ്പുറം, അൽഫോൻസാപുരം, ചെമ്പിളാവ് എന്നീ ഇടവകകളിൽ വികാരിയായും അദ്ദേഹം സേവനം ചെയ്തു. നസ്രാണിപാരമ്പര്യങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കാപ്പുംതലയിൽ ബേസ് അപ്രേം നസ്രാണി ദയറാ 2019 ഫെബ്രുവരി 23ന് അദ്ദേഹം സ്ഥാപിച്ചു. നസ്രാണി പാരമ്പര്യങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കാപ്പുംതലയിൽ ബേസ് അപ്രേം നസ്രാണി ദയറാ 2019 ഫെബ്രുവരി 23ന് അദ്ദേഹം സ്ഥാപിച്ചു. ഔദ്യോഗികചുമതലകളിൽ നിന്നു വിരമിച്ച ശേഷം മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിലും തുടർന്ന് കാസാ ദെൽ ക്ലേരോയോ'യിലും അദ്ദേഹം വിശ്രമജീവിതം നയിച്ചുപോന്നു. 2026 മേയ് 3ന് അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷകൾ കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ ജോസഫ് കല്ലറങ്ങാട്ട് എന്നീ പിതാക്കന്മാരുടെ കാർമികത്വത്തിൽ 2026 മെയ് 5 ചൊവ്വാഴ്ച രാമപുരം പള്ളിയിൽ വച്ചു നടന്നു.



സ്നേഹസ്മരണയ്ക്ക്



# ഫാ. സക്കറിയാസ് മണിയങ്ങാട്ട്

1941 ഒക്ടോബർ 6ന് കാഞ്ഞിരമറ്റം ഇടവകയിലെ മണിയങ്ങാട്ട് കുടുംബത്തിൽ മത്തായിയുടെയും ത്രേസ്യയുടെയും മകനായി സക്കറിയാസച്ചൻ ജനിച്ചു. പൂവത്തിളപ്പ് മണലുങ്കൽ ഹോളി ഫാമിലി എൽ.പി. സ്കൂൾ, കാഞ്ഞിരമറ്റം സെന്റ് അലോഷ്യസ് ഇ.എച്ച്. സ്കൂൾ എന്നിവിടങ്ങളിൽനിന്നായി പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലും, ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായി വൈദിക പരിശീലനം പൂർത്തിയാക്കി. 1967 ഡിസംബർ 16ന് ളാലം പള്ളിയിൽവച്ച് മാർ സെബാസ്റ്റ്യൻ വയലിൽപിതാവിൽനിന്നും അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. പൗരോഹിത്യസ്വീകരണത്തിനു ശേഷം മൂലമറ്റം, കുറവിലങ്ങാട് പള്ളികളിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്തു. തുടർന്ന് പറത്താനം, ചേറ്റുതോട് എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 1983 മുതൽ 1986 വരെ കൂത്രപ്പള്ളി ഗ്രീൻ വാലി എസ്റ്റേറ്റ് മാനേജരായും, 1986 മുതൽ 1989 വരെ പാലാ ബിഷപ്സ് ഹൗസിലെ പ്രൊക്യൂറേറ്ററായും അദ്ദേഹം പ്രവർത്തിച്ചു. തുടർന്ന് മൂലമറ്റം, മുട്ടുചിറ, പ്രവിത്താനം, കുടക്കച്ചിറ, വടകര, പൈക എന്നീ പ്രമുഖ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. 2017ൽ പാലാ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചെങ്കിലും, വീണ്ടും മൂലമറ്റം ബി.വി.എം. ഹോസ്പിറ്റലിന്റെ ചാപ്ലയിനായി അദ്ദേഹം സേവനമനുഷ്ഠിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ 2023 ഫെബ്രുവരി മുതൽ പാലാ പ്രീസ്റ്റ് ഹോമിൽ പൂർണ്ണവിശ്രമത്തിലായിരുന്നു. 2026 മെയ് 12ന് സക്കറിയാസച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2026 മെയ് 14ന് മണലുങ്കൽ പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷകൾ നടന്നു.

MAR SLEEVA® medicity palai
A Temple of Health

# MAR SLEEVA INSTITUTE OF HEALTH SCIENCES AND RESEARCH

An Educational Initiative of
Mar Sleeva Medicity Palai, Kottayam

ADMISSION OPEN
2026
BATCH



## UNDERGRADUATE COURSES
(UGC APPROVED)

- B.Sc. Anaesthesia & Operation Theatre Technology
- B.Sc. Cardiovascular Technology
- B.Sc. Emergency Trauma Care Management
- B.Sc. Medical Imaging Technology
- B.Sc. Medical Laboratory Technology
- B.Sc. Neuroscience
- B.Sc. Optometry
- B.Sc. Physician Associate
- B.Sc. Renal Dialysis Technology
- B.Sc. Respiratory Therapy

## DIPLOMA COURSES
(GOVERNMENT OF KERALA APPROVED)

- Diploma in Central Sterile Supply Technology
- Diploma in Dialysis Technology
- Diploma in Respiratory Technology

## CERTIFICATE COURSE
(INSTITUTIONALLY AFFILIATED)

- Nursing Assistant & Homecare

## ELIGIBILITY

Undergraduate & Diploma Courses:
Plus Two with Science (Physics, Chemistry & Biology)

Certificate Course:
10th Pass

## SCHOLARSHIPS AVAILABLE
60%-90%
Tuition Fee Support
For Eligible & Deserving Students
We Believe in Your Dreams.
We Support Your Journey.

## WHY MAR SLEEVA?

- Experienced Faculty & Quality Education
- Clinical Training in a Quaternary Care Hospital
- Modern Learning Environment with Advanced Facilities
- Internship & Placement Support
- Compassionate & Career-Oriented Education

Contact us to learn more about the courses and how to apply:

**Academics Department**, Mar Sleeva Medicity Palai
Mob : +91 82816 99240 | Email : secretarytoacademics@marsleevamedicity.com
Website : marsleevamedicity.com

*Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil*